# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വാണിയംകുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.പി.കെ.ഡി 16/1965/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 30/11/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാണിയംകുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വാണിയംകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാണിയംകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.പി.കെ.ഡി 16/1965/2022 തീയ്യതി: 30/11/2022

## പാലക്കാട് ജില്ലയിലെ വാണിയംകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ വാണിയംകുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 02-10-2021 മുതൽ 23-08-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 39 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 01-09-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ശശിഭൂഷൺ.ഇ | ഡെപ്യൂട്ടി ഡയറക്ടർ | 24-08-2022 | 01-09-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-08-2022 | 01-09-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

കെ.ആർ.പ്രകാശ്ബാബു,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)(29.08.2022 വരെ)

കെ.പി.രാമകൃഷ്ണൻ, അസി.ഓഡിറ്റ് ഓഫീസർ

എം.എസ്.താരീഖ്,സീനി.ഗ്രേഡ് ഓഡിറ്റർ

കെ.വി.രാജൻ,സീനി.ഗ്രേഡ് ഓഡിറ്റർ

എസ്.സഹീർ, സീനി.ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.കെ.ഗംഗാധരൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ഷാജി.കെ.കെ | സെക്രട്ടറി | 01-04-2021 | 30-06-2021 |
| വിനോദ് എ.കെ | സെക്രട്ടറി | 01-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| മാലിനി കെ | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ജാസ്മിൻ പി.എച്ച് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ശ്രീഹരി.ആർ | മെഡിക്കൽ ഓഫിസർ(പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ.സിനി.പി.എം | മെഡിക്കൽ ഓഫിസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ.നീതാ കെ.നായർ | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ചിത്ര ഇ.കെ | വില്ലേജ് എകസ്റ്റൻഷൻ ഓഫീസർ | 01-04-2021 | 16-08-2021 |
| ജയൻ എൻ.എൻ | വില്ലേജ് എകസ്റ്റൻഷൻ ഓഫീസർ | 17-08-2021 | 31-03-2022 |
| ഉഷ എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 05-08-2021 |
| ഫാത്തിമ ഷെറിൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 06-08-2021 | 31-03-2022 |
| ജയകല എം | ഹെഡ് മിസ്ട്രസ്,ജി.വി.എച്ച്.എസ് | 01-04-2021 | 06-12-2021 |
| സുവർണ്ണകുമാരി കെ | ഹെഡ് മിസ്ട്രസ്,ജി.വി.എച്ച്.എസ് | 07-12-2021 | 10-03-2022 |
| രമണി.എൻ.എസ് | ഹെഡ് മിസ്ട്രസ്,ജി.വി.എച്ച്.എസ് | 11-03-2022 | 25-03-2022 |
| ജിജിമോൾ എം.എൻ | ഹെഡ് മിസ്ട്രസ്,ജി.വി.എച്ച്.എസ് | 26-03-2022 | 31-03-2022 |

| | | | |
|---|---|---|---|
| ബിന്ദു ആർ | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| പ്രിയ പി.ബി | ക്ഷീര വികസന ഓഫീസർ | 01-04-2021 | 16-04-2021 |
| ഒബി.ആർ | ക്ഷീര വികസന ഓഫീസർ | 17-04-2021 | 07-07-2021 |
| പ്രിയ പി.ബി | ക്ഷീര വികസന ഓഫീസർ | 08-07-2021 | 05-09-2021 |
| സെൽമ എ.കെ | ക്ഷീര വികസന ഓഫീസർ | 06-09-2021 | 10-01-2022 |
| സുരേഷ്കുമാർ എ | ക്ഷീര വികസന ഓഫീസർ | 11-01-2022 | 31-03-2022 |
| സന്തോഷ്കുമാർ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| ഡോ. വി,ജ്യോതിഷ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ - അനർഹരെ നീക്കം ചെയ്യണം | 1-7-1 |
| 10 | മരണ രജിസ്ട്രേഷനുകളുടെ വിശദാംശങ്ങൾ കൈമാറുന്നില്ല | 1-7-2 |
| 11 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ പുതുതായി അനുവദിച്ചതിന്റെയും നിക്കം ചെയ്തതിന്റെയും വിശദാംശങ്ങൾ | 1-7-3 |
| 12 | ക്യാഷ് പരിശോധന | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 15 | വസ്തു നികുതി - റസിഡൻഷ്യൽ ഹോംസ്റ്റേയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല | 1-11 |
| 16 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ - അർഹത പുന:പരിശോധിക്കേണ്ടതാണ് | 1-12 |
| 17 | ഒരേ ഉടമസ്ഥന്റെ ഒന്നിലേറെ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് അനുവദിച്ചിരിക്കുന്നു | 1-13 |
| 18 | ഒരേ ഉപയോഗക്രമമുള്ള വാണിജ്യ കെട്ടിടങ്ങളെ വിഭജിച്ച് കെട്ടിട നമ്പർ നൽകുന്നത് - ബാധകമായ ഉയർന്ന നിരക്കിൽ വസ്തു നികതി ഈടാക്കുന്നില്ല | 1-14 |
| 19 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ് | 1-15 |
| 20 | സ്ഥാപനങ്ങളുടെ ഡാറ്റാ ബേസ് നിലവില്ലില്ല | 1-15-1 |
| 21 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-15-2 |
| 22 | സ്വകാര്യ സ്കൂളുകളിലെ ജീവനക്കാരിൽ നിന്നും കുറഞ്ഞ സ്ലാബിലുള്ള തൊഴിൽ നികുതി ഈടാക്കുന്നു | 1-15-3 |
| 23 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-15-4 |
| 24 | പദ്ധതി പ്രകാരമുള്ള താൽക്കാലിക ജീവനക്കാരുടെ തൊഴിൽ നികുതി | 1-15-5 |

| | | |
|---|---|---|
| | ഈടാക്കിയിട്ടില്ല | |
| 25 | വിമുക്ത ഭടന്മാർക്ക് തൊഴിൽ നികുതി ഇളവ് നൽകിയിരിക്കുന്നു | 1-15-6 |
| 26 | സെൽഫ് ഫൈനാൻസിംഗ് സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ ഈടാക്കിയിട്ടില്ല | 1-15-7 |
| 27 | വിമുക്ത ഭടന്മാർക്ക് വസ്തു നികുതി ഇളവ് - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-16 |
| 28 | വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികതി കുറവായി നിർണ്ണയിച്ചു - കുറവായ തുക ഈടാക്കേണ്ടതാണ് | 1-17 |
| 29 | അനധികൃത നിർമ്മാണം- തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | 1-18 |
| 30 | ഹോംകോയിൽ നിന്നും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല | 1-19 |
| 31 | കരാർ ചമക്കാതെ കെ എസ് ഇ ബിയിൽ ഡെപ്പോസിറ്റ് നടത്തി | 1-20 |
| 32 | ശാരീരിക,മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അർഹമായ മുഴുവൻ തുകയും നൽകിയിട്ടില്ല | 1-21 |
| 33 | അമൃതം ന്യൂട്രിമിക്സ് വാങ്ങൽ- ജി.എസ്.ടി- ടി.ഡി.എസ് നടത്താതെ തുക അനുവദിച്ചു | 1-22 |
| 34 | ജൻ ഔഷധിയിൽ നിന്നും മരുന്ന് വാങ്ങൽ - നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ് | 1-23 |
| 35 | ബയോ കംമ്പോസ്റ്റ് ബിൻ പദ്ധതി സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല | 1-24 |
| 36 | വൃദ്ധർക്ക് കട്ടിൽ പദ്ധതി - ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കാതെ തുക അനുവദിച്ചു | 1-25 |
| 37 | അസി. സെക്രട്ടറി നടപ്പിലാക്കിയ വൃദ്ധർക്ക് കട്ടിൽ - ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കാതെ തുക അനുവദിച്ചു | 1-25-1 |
| 38 | ഐ സി ഡി എസ് സൂപ്പർവൈസർ-വൃദ്ധർക്ക് കട്ടിൽ - ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കാതെ തുക അനുവദിച്ചു | 1-25-2 |
| 39 | പ്ലാസ്റ്റിക്ക് നിർമ്മാർജ്ജന സംവിധാനം-അവലോകനം | 1-26 |
| 40 | ക്ലബുകൾ-വായനശാലകൾക്ക് പത്രം-പ്രൊജക്ട് നിർവ്വഹണം ക്രമപ്രകാരമല്ല | 1-27 |
| 41 | പദ്ധതി - സബ്സിഡി മാർഗ്ഗരേഖകളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രൊജക്ട് നടപ്പിലാക്കി-4,91,824/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-28 |
| 42 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-നടപടിക്രമങ്ങൾ പാലിക്കാതെ സബ്സിഡി അനുവദിച്ചു | 1-29 |
| 43 | ലെഗസി വേസ്റ്റ് ഡിസ്പോസൽ-പ്രൊജക്ട് നിർവ്വഹണത്തിൽ സൂക്ഷ്മത പാലിച്ചില്ല | 1-30 |
| 44 | ചോറോട്ടൂർ മുണ്ടനാട്ടുപടി കോളനി കുടിവെള്ള പദ്ധതി- ISI ഗുണനിലവാരമില്ലാത്ത ടാങ്ക് സ്ഥാപിച്ചു. | 1-31 |
| 45 | പ്രത്യേക സാങ്കേതിക പരിജ്ഞാനം ആവശ്യമില്ലാത്ത കെട്ടിടനിർമ്മാണം | 1-32 |

| | | |
|---|---|---|
| | അക്രഡിറ്റഡ് ഏജൻസിയെ ഏല്പിച്ചു. | |
| 46 | മരാമത്ത് പ്രവൃത്തികൾ - പ്രവർത്തി പൂർത്തീകരണം -സമയം ദീർഘിപ്പിച്ചിതിന് ഫൈൻ ഈടാക്കിയിട്ടില്ല. | 1-33 |
| 47 | എഗ്രിമെന്റ് ചമച്ചത് മതിയായ നിരക്കിലുള്ള സ്റ്റാമ്പ് പേപ്പറിലല്ല. | 1-34 |
| 48 | റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്നും കാലി ബാരലുകളുടെ വില ഈടാക്കിയിട്ടില്ല | 1-35 |
| 49 | അഗതി രഹിത കേരളം -ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട ആശ്രയ ഗുണഭോക്താക്കൾക്ക ഭവനം നൽകിയിട്ടില്ല | 1-36 |
| 50 | വിവിധ ഭവന നിർമ്മാണങ്ങൾ പൂർത്തീകരിച്ചിട്ടില്ല | 1-37 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്നും കാലി ബാരലുകളുടെ വില ഈടാക്കിയിട്ടില്ല | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകൾ -സംക്ഷിപ്തം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

22.02.2021 തിയതിയിലെ തീരുമാനം 1(1) പ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകളും വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ വരവ് ചെലവുകളും ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥ വരവ് ചെലവ് | പുതുക്കിയ ബജറ്റ് |
|---|---|---|---|---|
| 1 | മുന്നിരിപ്പ് | 51769426.00 | 35467715.78 | 51769426.00 |
| 2 | വരവ് | 228015000.00 | 107589617.00 | 222077224.00 |
| 3 | ആകെ | 279784426.00 | 143057332.78 | 273846650.00 |
| 4 | ചെലവ് | 262700000.00 | 113044313.00 | 261960000.00 |
| 5 | നീക്കിയിരുപ്പ് | 17084426.00 | 30013019.78 | 11886650.00 |

യഥാർത്ഥ വരവ് ചെലവ് കണക്കുകളും, ബജറ്റ് പ്രകാരം ഉള്ള കണക്കുകളും തമ്മിൽ വലിയ അന്തരം കാണുന്നു. കൂടുതൽ യാഥാർത്ഥ്യബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. 14.02.2022 ലെ 1-ാം നമ്പർ തീരുമാന പ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 01.06.2022 |

### 1-2-1 വാർഷിക ധനകാര്യ പത്രിക അപാകതകൾ

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്മേൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ആസ്തികൾക്ക് തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കാത്തതിനാൽ കൃത്യത ഉറപ്പാക്കാനായില്ല.

2) 21044600 രൂപ വിധവാ പെൻഷൻ ലഭിച്ചത് 160100304 State Sponsored Schemes -Indira Gandhi National Destitute/Widow Pensionഎന്ന ഹെഡിൽ വരവ് വെക്കുന്നതിന് പകരം 160100307 State Sponsored Schemes- Financial Help For Widow's Daughters Marriage എന്ന ശീർഷകത്തിലാണ് 240000 രൂപയുടെ കൂടെ ചേർത്താണ് I-6 ൽ 21284600 രൂപയായി രേഖപ്പെടുത്തിയിരിക്കുന്നത്.

3) ലൈഫ് വായ്പാ തിരിച്ചടവ് - മുന്നിരിപ്പ്-5916706 രൂപ തൻവർഷത്തിൽ സ്രോതസ്സിൽനിന്നും കുറവ് ചെയ്ത തുക 1364000 രൂപ നീക്കിയിരുപ്പ് 3584706 രൂപ 968000 രൂപയുടെ വ്യത്യാസം ഉണ്ട്.

ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 25/31.08.2022) 2020-21 വർഷത്തെ ലോൺ തിരിച്ചടവ് 968000 രൂപ തെറ്റായ ഹെഡിൽ ചെലവ് രേഖപ്പെടുത്തിയത് ക്രമീകരിച്ചതാണ് വ്യത്യാസം എന്നും , പെൻഷൻ തുക ശീർഷകം തെറ്റായി രേഖപ്പെടുത്തിയതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 35467715.78 |
| വരവ് | 107589617.00 |
| ആകെ | 143057332.78 |
| ചെലവ് | 113044313.00 |
| നീക്കിയിരിപ്പ് | 30013019.78 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 18119702 | 18119702 | 16510711 | 1608991 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 14601001 | 14601001 | 12520090 | 2080911 |
| മെയിന്റനൻസ്, ഗ്രാന്റ് റോഡ് | 0 | 19902000 | 19902000 | 14731723 | 5170277 |
| മെയിന്റനൻസ്ഗ്രാന്റ് നോൺ-റോഡ് | 0 | 6467053 | 6467053 | 4719036 | 1748017 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied -Treasury) | 0 | 172651 | 172651 | 89000 | 83651 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied -Treasury) | 0 | 4236007 | 4236007 | 1914659 | 2321348 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied -Bank) | 0 | 1901266 | 1901266 | 3657026 | 976240 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied -Bank) | 0 | 2732000 | 2732000 | | |
| ICDS | 0 | 819419 | 819419 | 558274 | 261,145.00 |
| ശുചിത്വ മിഷൻ ഗ്രാന്റ്-സംസ്ഥാന വിഹിതം | 0 | 180000 | 180000 | 180000 | 0 |
| ശുചിത്വ മിഷൻ ഗ്രാന്റ് - കേന്ദ്രം | 172706 | 5997 | 178703 | 100 | 178603 |
| ലൈഫ് സംസ്ഥാന വിഹിതം | 0 | 3800000 | 3800000 | 3000000 | 800000 |
| കൃഷിതോട്ടം സംസ്ഥാന വിഹിതം | 0 | 4000 | 4000 | 0 | 4000 |

(*) അങ്കണവാടി വർക്കേഴ്സിന്റെ പ്രതിഫലത്തുക, ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയ്ക്കുള്ള ചെലവ് വികസന ഫണ്ടിന്റെ (ജനറൽ) സ്രോതസ്സിൽനിന്നും കുറവ് ചെയ്ത തുകയായ 2501401 രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - ജനറൽ വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

(**) ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയ്ക്കുള്ള ചെലവ് വികസന ഫണ്ടിന്റെ സ്രോതസ്സിൽനിന്നും കുറവ് ചെയ്ത തുകയായ 307999 രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - SCP വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

തൻവർഷത്തിൽ ഉറവിടത്തിൽ നിന്നും കുറവുചെയ്ത തുകകളുടെ വിവരങ്ങൾ

| ക്രമ നം. | പ്രൊജക്ട് | ചെലവ് തുക | ഫണ്ടിനം |
|---|---|---|---|
| 1 | 239/22: ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് - | 95333 | വികസന ഫണ്ട് (എസ്.സി.പി) |

| | | | |
|---|---|---|---|
| 2 | 268/22 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് - | 95333 | വികസന ഫണ്ട് (എസ്.സി.പി) |
| 3 | 237/22: ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് | 117333 | വികസന ഫണ്ട് (എസ്.സി.പി) |
| | ആകെ | 307999 | |
| 4 | 238/22: ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് - | 454667 | വികസന ഫണ്ട് (ജനറൽ) |
| 5 | 235/22: ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് - | 146667 | വികസന ഫണ്ട് (ജനറൽ) |
| 6 | 267/22 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് | 454667 | വികസന ഫണ്ട് (ജനറൽ) |
| 7 | 233/22 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം | 481800 | വികസന ഫണ്ട് (ജനറൽ) |
| 8 | 234/22 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം | 481800 | വികസന ഫണ്ട് (ജനറൽ) |
| 9 | 266/22 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം | 481800 | വികസന ഫണ്ട് (ജനറൽ) |
| 10 | ആകെ | 2501401 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 233 | 163837585 | 177 | 87546676 | 2 | 54 | 76 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 7 | 5666999 | 3913599 | 69 |
| വെറ്ററിനറി സർജ്ജൻ | 10 | 8 | 3881000 | 2545200 | 66 |
| മെഡിക്കൽ ഓഫീസർ-PHC | 8 | 8 | 5092362 | 4235200 | 83 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 1 | 430000 | 400000 | 93 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 1330000 | 1322528 | 99 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 1 | 1212000 | 185018 | 15 |
| വി.ഇ.ഒ | 18 | 17 | 55670600 | 22327689 | 40 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 5 | 5167029 | 4271647 | 83 |
| സെക്രട്ടറി | 40 | 30 | 16218891 | 7690597 | 47 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 900000 | 783000 | 87 |
| ഹെഡ് മാസ്റ്റർ | 7 | 4 | 2373008 | 1792032 | 76 |

| | | | | | |
|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 127 | 92 | 64183946 | 37178216 | 58 |
| അസി.സെക്രട്ടറി | 3 | 3 | 1711750 | 901950 | 53 |
| ആകെ | 233 | 179 | 163837585 | 87546676 | 53 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 53540 | 1569534 | 1623074 | 1622675 | 399 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 23627412 | 23627412 | 23627412 | 0 |
| ആകെ | 53540 | 25196946 | 25250486 | 25250087 | 399 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 564 | 9034800 |
| വിധവാപെൻഷൻ | 1362 | 21044600 |
| വാർദ്ധക്യകാലപെൻഷൻ | 3220 | 44376500 |
| വികലാംഗപെൻഷൻ | 410 | 6284400 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 306 | 4732600 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 8 | 240000 |
| തൊഴില്ലില്ലായ്മ വേതനം | 1 | 1920 |

### 1-7-1 ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ - അനർഹരെ നീക്കം ചെയ്യണം

സർക്കാർ ഉത്തരവ് (എംഎസ് നമ്പർ) 97/2020 തീയതി 23/9/2020 ഖണ്ഡിക 4 (iii) അനുസരിച്ച് നിയമപരമായി വിവാഹമോചനം നേടിയവരെ വിധവയായി കണക്കാക്കാനാവില്ലാത്തതിനാൽ, അവർക്ക് പെൻഷൻ ലഭിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ലെന്നും , ഖണ്ഡിക4(ii) പ്രകാരം ഭർത്താവ് ഉപേക്ഷിച്ച് 7 വർഷം കഴിഞ്ഞതും പുനർവിവാഹിതരായിട്ടില്ലാത്തവരുമായ 50 വയസ്സ് കഴിഞ്ഞ സ്ത്രീകൾക്ക് മറ്റു മാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ള പക്ഷം മേൽ വിവരങ്ങൾ ഉൾക്കൊള്ളിച്ച് വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ് അടിസ്ഥാനത്തിൽ വിധവാ പെൻഷൻ ലഭിക്കാൻ അർഹതയുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഖണ്ഡിക 4 (iv)പ്രകാരം ഉപേക്ഷിക്കപ്പെട്ടതല്ലാതെ ഭർത്താവിൽ നിന്നും അകന്നു കഴിയുന്ന വിധവയല്ലാത്ത വ്യക്തികൾക്ക് വിധവാ പെൻഷൻ അനുവദിക്കാൻ പാടില്ലെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടി അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം തീ.37/31.8.22 ന് ലഭ്യമാക്കിയ മറുപടി " *ഗ്രാമപഞ്ചായത്തിലെ മുഴുവൻ വിധവാ പെൻഷൻ ഗുണഭോക്താക്കളുടെയും ലിസ്റ്റ് അന്വേഷണത്തിനായി ഐ സി ഡി എസ് സൂപ്പർവൈസർക്ക് കൈമാറുകയും അന്വേഷിച്ച് അർഹതയില്ലാത്തവരായി കണ്ടെത്തി അറിയിച്ച ഗുണഭോക്താക്കൾക്ക് പെൻഷൻ റദ്ദ് ചെയ്യാതിരിക്കാൻ കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് രജിസ്റ്റേഡ് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്*" എന്നാണ്.

അനർഹരായവർക്ക് സാമൂഹ്യസുരക്ഷ പെൻഷനുകൾ നൽകുന്നത് വഴി സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിന് പ്രാദേശിക സർക്കാർ സെക്രട്ടറി ഉത്തരവാദിയാകുമെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. 23/9/2020 ന് സർക്കാർ നൽകിയ നിർദ്ദേശം നടപ്പിലാക്കുന്നതിന്

കാലതാമസം വരുത്തുന്നത് ഉചിതമല്ല.

സർക്കാർ ഉത്തരവ് (എംഎസ് നമ്പർ) 97/2020 തീയതി 23/9/2020 ലെ നിർദ്ദേശങ്ങൾ പ്രാബല്യത്തിൽ വരുത്തി അനർഹരെ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും അടിയന്തിരമായി നീക്കം ചെയ്യേണ്ടതാണ്.

### 1-7-2 മരണ രജിസ്ട്രേഷനുകളുടെ വിശദാംശങ്ങൾ കൈമാറുന്നില്ല

സർക്കുലർ നം 63/2021/ധനം തീയതി 02.08.2021 പ്രകാരം പ്രാദേശിക സർക്കാരിൽ അതതുമാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്തമാസം പത്താം തീയതിക്ക് മുമ്പ് അറിയിക്കേണ്ടതാണ്. ഈ നിർദ്ദേശം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2021-22 വർഷം മറ്റു തദ്ദേശ സ്ഥാപനങ്ങളിലേക്ക് വിവരങ്ങൾ കൈമാറിയതിന്റെയും , ഗ്രാമ പഞ്ചായത്തിലേക്ക് വിവരങ്ങൾ ലഭ്യമായതിന്റേയും വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം തീ.37/31.8.22 ന് ലഭ്യമാക്കിയ മറുപടി *" ഈ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റ് പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉൾപ്പെടുന്ന പക്ഷം ടി വിവരം അതത് പ്രാദേശികസർക്കാരെ യഥാവിധം അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന വിവരം അറിയിക്കുന്നു."* എന്നാണ്.

ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് സ്വകാര്യ മെഡിക്കൽ കോളേജ് പ്രവർത്തിക്കുന്നതിനാൽ ജില്ലയിലെ മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെക്കാൾ ഉയർന്ന തോതിൽ ജനന-മരണ രജിസ്ട്രേഷനുകൾ ഗ്രാമ പഞ്ചായത്തിൽ നടക്കുന്നുണ്ട്. സർക്കുലർ നം 63/2021/ധനം തീയതി 02.08.2021ലെ നിർദ്ദേശ പ്രകാരം ബാധകമായ മരണ രജിസ്ട്രേഷനുകളുടെ വിശദാംശങ്ങൾ യഥാസമയം മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്ക് കൈമാറേണ്ടതാണ്.

### 1-7-3 സാമൂഹ്യ സുരക്ഷാ പെൻഷനുകൾ പുതുതായി അനുവദിച്ചതിന്റെയും നിക്കം ചെയ്തതിന്റെയും വിശദാംശങ്ങൾ

2021-22 വർഷത്തിൽ വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിനായി ലഭിച്ച അപേക്ഷകളുടെ തുടർനടപടികളുടെയും, വിവിധ കാരണങ്ങളാൽ പെൻഷൻ റദ്ദ് ചെയ്ത ഗുണഭോക്താക്കളുടെയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സാമൂഹ്യ സുരക്ഷാ പെൻഷൻ വിഭാഗം | പുതുതായി ലഭിച്ച അപേക്ഷകളുടെ എണ്ണം | അംഗീകരിച്ച അപേക്ഷകളുടെ എണ്ണം | വിവിധ കാരണങ്ങളാൽ പെൻഷൻ റദ്ദ് ചെയ്ത ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 0 | 0 | 53 |
| 2 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 345 | 331 | 147 |
| 3 | ഇന്ദിരാഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം – ശാരീരികമായി /മാനസികമായി വെല്ലുവിളി നേരിടുന്നവർ | 28 | 19 | 9 |

| | | | | |
|---|---|---|---|---|
| 4 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതയായ വനിതകൾക്കുള്ള പെൻഷൻ | 7 | 7 | 3 |
| 5 | ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ സ്കീം | 61 | 56 | 24 |

സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നത് സംബന്ധിച്ച് സംസ്ഥാന ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള വിവിധ ഉത്തരവുകൾ / സർക്കുലറുകൾ എന്നിവയിലെ നിർദ്ദേശങ്ങൾ അനുസരിച്ച് അനർഹരായ/മരണമടഞ്ഞ ഗുണഭോക്താക്കളെ നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.08.2022 2.45 Pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 56081 രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ കാര്യങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. ഇന്റേർണൽ ഓഡിറ്റിന്റെ ഭാഗമായി പെർഫോമൻസ് ഓഡിറ്റ് വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

ചെലവുകൾ ബജറ്റിനനുസരണമായി നിയന്ത്രിക്കുകയും റിവൈസ്ഡ് ബഡ്ജറ്റ് തയ്യാറാക്കി ഭരണസമിതി ചർച്ചചെയത് പാസാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുകൾ ബഡ്ജറ്റിനനുസരണമായി നിയന്ത്രിക്കുന്നതിനുള്ള സംവിധാനം നിലവിലുള്ള സോഫ്റ്റ്‌വെയറിലില്ല. ഓരോ ചെലവും നടത്തുമ്പോൾ അക്കൗണ്ടന്റ് ബഡ്ജറ്റിൽ അനുവദിച്ച തുകയേക്കാൾ കൂടുന്നുണ്ടോ എന്ന് പ്രത്യേകം ശ്രദ്ധിക്കേണ്ടി വരുന്നുണ്ട്.

ഓരോ ഇടപാടും നടത്തുന്ന സമയത്തുതന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. പണമിടപാട് നടത്തുന്ന എല്ലാ രേഖകളുടേയും ഡ്യൂപ്ലിക്കേറ്റ് സൂക്ഷിക്കുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ മാന്വലായ രശീതികൾ സ്ഥാപനത്തിൽ ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഉപയോഗിക്കാത്തവ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ മുഴുവൻ അക്കൗണ്ടുകളും സാംഖ്യയിൽ ചേർത്തിട്ടുണ്ട്. അതിനാൽ എല്ലാ അക്കൗണ്ടുകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുണ്ട്.

ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഓരോരുത്തർക്കും Login, Password ലഭ്യമാക്കി സുരക്ഷിതത്വം ഉറപ്പാക്കിയിട്ടുണ്ട്. ഒരാളുടെ പാസ്സ് വേർഡ്, ലോഗിൻ എന്നിവ മറ്റുള്ളവർ ഉപയോഗിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തുക ബാങ്കിൽ അടവാക്കുന്നത് തുക കളക്റ്റ് ചെയ്യുന്ന ആൾ അല്ല. ഓരോ ദിവസത്തെയും വരവ് തുക ക്യാഷിന്റെ ചുമതലയുള്ള സെക്ഷൻ ക്ലാർക്കിനെ (Cashier) ഏൽപ്പിക്കുകയും തുകയുടെ കൃത്യത അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക്, സെക്രട്ടറി എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്. തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവ് വിവരം അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക് എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുകകളുടെ കാലതാമത്തിന് നിയമപ്രകാരം ഫൈൻ/പിഴപ്പലിശ ഈടാക്കുന്നുണ്ട്. എല്ലാ കളക്ഷനുകളും കാഷ് ബുക്ക്, ലെഡ്ജർ എന്നിവയിൽ ഒരേസമയം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ട്. എന്നാൽ വസ്തുനികുതി മാത്രമാണ് ഡി.സി.ബി. രജിസ്റ്റർ

സാംഖ്യയുമായി ബന്ധിപ്പിച്ചിരിക്കുന്നത്. മറ്റു നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം മാന്വലായി തയ്യാറാക്കുകയാണ് ചെയ്യുന്നത്.

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും പാലിക്കപ്പെടുന്നുണ്ട്. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരത്തോടെയാണ് പർച്ചേസുകൾ നടത്തുന്നത്. എന്നാൽ പ്രൊക്യൂർമെന്റ് പ്ലാൻ, പ്രൊക്യൂർമെന്റ് ബജറ്റ് ഇവ തയ്യാറാക്കുന്നില്ല. ആസ്തികളുടെ മൂല്യം സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ ISO സർട്ടിഫിക്കേഷൻ കാലാവധി കഴിഞ്ഞത് പുതുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ മുഴുവൻ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. അനാവശ്യവും കാലഹരണപ്പെട്ടതുമായ ആസ്തികൾ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അതേസമയം നാശോന്മുഖമാകുന്നതിനു മുൻപ് വില്പന നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗിന് "സകർമ്മ" യിലൂടെയാണ് മിനുട്ട്സ് തയ്യാറാക്കുന്നതിന് സംവിധാനമുള്ളത്. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി ഇവയുടെ മിനുട്ട്സുകളും Online സംവിധാനത്തിലേക്കു മാറേണ്ടതുണ്ട്.

സ്പെഷൽ ഗ്രേഡ് പഞ്ചായത്ത് പ്രകാരമുള്ള വിസ്തൃതിയുണ്ടെങ്കിലും (18 വാർഡ്) ആണെങ്കിലും ആയതിനനുസരിച്ച് ജീവനക്കാർ ഇല്ലാത്തത് സമയബന്ധിതമായി സേവനങ്ങൾ നൽകുന്നതിനെ ബാധിക്കുന്നുണ്ട്. ഇക്കാര്യത്തിൽ ഭരണവകുപ്പിന്റെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 26.07.2022 | 01.05.2022 മുതൽ 30.06.2022 വരെ | 27.07.2022 | - |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.09.2006മുതൽ 06.10.2006വരെ | 1997-98 മുതൽ 2005-06 വരെ | 15.11.2006 | ഇല്ല |

## 1-11 വസ്തു നികുതി - റസിഡൻഷ്യൽ ഹോംസ്റ്റേയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല

08.09.2020 ലെ സ.ഉ.(അ)നം.53/2020/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 575/2020 വിജ്ഞാപനം പ്രകാരം റസിഡൻഷ്യൽ ഹോംസ്റ്റേയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ സർക്കാർ നിശ്ചയിച്ചിട്ടുണ്ട് (കുറഞ്ഞ നിരക്ക് 10 രൂപ കൂടിയ നിരക്ക് 25 രൂപ). എന്നാൽ പഞ്ചായത്തിൽ നാളിതുവരെ റസിഡൻഷ്യൽ ഹോംസ്റ്റേയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് സഞ്ചയയിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. ആയതിനുള്ള കാരണം അറിയിക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 03/25.08.2022) സർക്കാർ നിർദ്ദേശിച്ച കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ബാധകമാക്കാവുന്ന നികുതി നിരക്ക് പ്രമേയം മൂലം നിശ്ചയിച്ച് രേഖകൾ പരിശോധനയ്ക്കായി ഓഡിറ്റിന് ലഭ്യമാക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ - അർഹത പുന:പരിശോധിക്കേണ്ടതാണ്

സഞ്ചയ സോഫ്റ്റ്‌വെയറിലെ അസസ്‌മെന്റ് രജിസ്റ്റർ പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിൽ തന്നെ 'നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട' 728 കെട്ടിടങ്ങൾ ഉള്ളതായി കാണുന്നു. ഇതിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ, പഞ്ചായത്തിന് കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ, വിദ്യാഭ്യാസാവശ്യത്തിനുള്ള കെട്ടിടങ്ങൾ തുടങ്ങിയ നിരവധി കെട്ടിങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ഇവയുടെ റാന്റം പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്വകാര്യ വ്യക്തികളുടെ കെട്ടിടങ്ങളെ ഉപയോഗക്രമത്തിൽ തന്നെ 'നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട' കെട്ടിടങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ പല കെട്ടിടങ്ങൾക്കും നികുതി ഇളവ് ചെയ്തു നൽകിയതിന്റെ വിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതുമൂലം കെട്ടിടങ്ങളുടെ ഉപയോഗക്രമം, വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുവാനുള്ള കാരണം എന്നിവ പരിശോധിച്ച് ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടില്ല. ഏതാനും ഉദാഹരണം താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥൻ/ സ്ഥാപനത്തിന്റെ പേര് | ആകെ വിസ്തീർണ്ണം (ച.മീ.) | റിമാർക്സ് |
|---|---|---|---|---|
| 1 | 3/125 | എ വി വിജയൻ, ഊരത്തേടത്ത് | 25 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല. |
| 2 | 3/369 | സെയ്തലവി, കുന്നത്ത് | 10 | ,, |
| 3 | 3/602 | ടി പി വസന്തകൗമുദി, കൊല്ലയാനിയിൽ | 20 | ,, |
| 4 | 4/1253 | കൃഷ്ണദാസ് പി, തുളസീവനം | 8.87 | ,, |
| 5 | 2/164 | മുജീബ് റഹ്മാൻ, നെടുംകണ്ടത്തിൽ | 18 | ,, |
| 6 | 2/183 | ദേവയാനി, കളത്തൊടി | 20 | ,, |
| 7 | 3/374 | ശങ്കരൻ നായർ, കോണിക്കൽ | 20 | ,, |
| 8 | 5/153 | സേതുമാധവൻ, തോപ്പിൽമങ്ങാട് | 40 | ,, |
| 9 | 7/125 | മോഹനകൃഷ്ണൻ | 20 | ,, |

| | | | | |
|---|---|---|---|---|
| 10 | 7/132 | ഗോവിന്ദ് വി, വടക്കൂട്ട് | 30 | ,, |
| 11 | 3/553 | രാജൻ, പള്ളിശ്ശേരി | 125 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല. |
| 12 | 4/108 | സുബ്ബലക്ഷ്മി മുതൽ പേർ, പ്രകാശ് നിവാസ് | 81.6 | ,, |
| 13 | 4/1439 | യൂസഫ്, പടിയത്ത് | 123.84 | ,, |
| 14 | 13/248 | ലക്ഷ്മിക്കുട്ടി, പുതിയപറമ്പിൽ | 150 | ,, |

2. ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങളെ ഉപയോഗക്രമത്തിൽ തന്നെ 'നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട' കെട്ടിടങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഏതാനും ഉദാഹരണം താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥന്റെ പേര് | ആകെ വിസ്തീർണ്ണം (ച.മീ.) | റിമാർക്സ് |
|---|---|---|---|---|
| 1 | 3/305 | രാഘവൻ, പിലാക്കിൽതൊടി | 20 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല. |
| | 3/306 | | 20 | |
| 2 | 6/555 | കാർത്ത്യായനി അമ്മ, ആച്ചത്ത് | 30 | ,, |
| | 6/556 | | 20 | |
| 3 | 9/37 | വിജയലക്ഷ്മി, കിഴക്കേക്കരകൊക്കത്ത് | 20 | ,, |
| | 9/38 | | 20 | |
| 4 | 12/42 | സുബ്രഹ്മണ്യൻ, കോവിൽ | 30 | ,, |
| | 12/43 | | 20 | |
| 5 | 12/215 | സുന്ദരഗണപതി, കുന്നതൊടി | 30 | ,, |
| | 12/216 | | 10 | |
| 6 | 14/182 | വിഷ്ണുമൂർത്തി, ത്രാങ്ങാലി | 30 | ,, |
| | 14/183 | | 25 | |

3. വിവിധ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളെ ഉപയോഗക്രമത്തിൽ തന്നെ 'നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട' കെട്ടിടങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ നികുതി ഇളവ് ചെയ്തു നൽകിയതിന്റെ വിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഏതാനും ഉദാഹരണം താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥൻ/സ്ഥാപനത്തിന്റെ പേര് | ആകെ വിസ്തീർണ്ണം (ച.മീ.) | റിമാർക്സ് |
|---|---|---|---|---|
| 1 | 2/124 | സി പി ദാമോദരൻ സ്മാരകം | 35 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല. |
| 2 | 4/1274 | ഇ കെ നായനാർ സ്മാരക മന്ദിരം | 217.67 | ,, |
| 3 | 10/252 | വിശ്വകർമ്മ സംഘം ഓഫീസ് | 20 | ,, |
| 4 | 12/441 | വാട്ടർ അതോരിറ്റി | 10 | ,, |

| | | | | |
|---|---|---|---|---|
| 5 | 12/695 | എൻ എസ് എസ് കരയോഗം ഓഫീസ് | 46 | ,, |
| 6 | 12/717 | എ ഇ, കേരള വാട്ടർ അതോരിറ്റി | 2.5 | ,, |
| 7 | 17/459 | എ എക്സ് ഇ, കേരള വാട്ടർ അതോരിറ്റി | 30 | ,, |
| 8 | 18/36 | ഡി ഡബ്ല്യൂ സി ആർ എ യൂണിറ്റ് | 90 | ,, |

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 05/26.08.2022) കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിൽ തന്നെ 'നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട' മേൽ കെട്ടിങ്ങൾ സ്ഥല പരിശോധന നടത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തി റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. പഞ്ചായത്തിലെ 18 വാർഡുകളും പരിശോധിച്ച് മതിയായ കാരണങ്ങളില്ലാതെ കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയ നടപടി പുനഃപരിശോധിച്ച് അർഹതയ്ക്ക് വിധേയമായി കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
2. പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 276(3)-ാം വകുപ്പ് പ്രകാരം ഫയൽ ചെയ്ത ഒരു അപ്പീൽ, അത ലഭിച്ചശേഷം 60 ദിവസത്തിനകം പഞ്ചായത്തോ അല്ലെങ്കിൽ സ്റ്റാന്റിംഗ് കമ്മിറ്റിയോ അതിന യുക്തമെന്ന തോന്നുന്ന രീതിയിൽ തീർപ്പ കൽപ്പിക്കേണ്ടതാണ് എന്ന് വിശദമാക്കിയിട്ടുണ്ട്. ആയതുകൊണ്ട് സമയബന്ധിതമായി ഇവയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ഇവ നിരീക്ഷണ വിധേയമാക്കുന്നതിനും ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടത് അനിവാര്യമാണ്. അത്തരത്തിലുള്ള വസ്തുനികുതി അപ്പീൽ രജിസ്റ്റർ, നികുതി എഴുതിതള്ളൽ സംബന്ധിച്ച രജിസ്റ്റർ, വേക്കൻസി റെമിഷൻ രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 ഒരേ ഉടമസ്ഥന്റെ ഒന്നിലേറെ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് അനുവദിച്ചിരിക്കുന്നു

സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഒരേ ഉടമസ്ഥന്റെ പാർപ്പിടാവശ്യത്തിനുള്ള ഒന്നിലേറെ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് അനുവദിച്ചതായി കാണുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥന്റെ പേര് | ആകെ വിസ്തീർണ്ണം (ച.മീ.) | റിമാർക്സ് |
|---|---|---|---|---|
| 1 | 4/33 | പങ്കജം, പുണോത്ത് | 48.4 | സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം കെട്ടിടങ്ങളുടെ Tax Exemption Type എന്ന കോളത്തിൽ സ.ഉ(എം.എസ്) നം.358/15 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |
| | 4/35 | | 42 | |
| 2 | 4/317 | ചെല്ലമ്മാൾ, വാണിയംകുളം അങ്ങാടി | 30 | ,, |
| | 4/318 | | 35 | |
| 3 | 4/721 | സുരേഷ് എൻ, പ്രകാശ് നിവാസ് | 42 | ,, |
| | 4/722 | | 42 | |
| 4 | 4/868 | നളിനി സേതുമാധവൻ, ചക്കുംതൊടി | 10 | ,, |
| | 4/869 | | 10 | |

| | | | | |
|---|---|---|---|---|
| 5 | 4/1165 | ചിന്നരാജൻ, വാണിയംകുളം അങ്ങാടി | 58.45 | ,, |
| | 4/1166 | | 58.45 | |
| 6 | 4/1285 | ആറുമുഖൻ ചെട്ടിയാർ, വാണിയംകുളം അങ്ങാടി | 30 | ,, |
| | 4/1286, 4/1287 | | 28, 50 | |
| 7 | 5/95 | കല്ല്യാണി, കാറുകുളത്തിൽ | 28 | ,, |
| | 5/96 | | 45 | |
| 8 | 5/508 | സുനിത, ചക്കംപറമ്പിൽ | 50 | ,, |
| | 5/509 | | 10 | |
| 9 | 6/186 | പ്രേമ, ചക്കമലത്ത് | 5 | ,, |
| | 6/187 | | 40 | |
| 10 | 6/520 | ശാന്തകുമാരി, ശാന്തി നിലയം | 10 | ,, |
| | 6/522, 6/523 | | 10, 10 | |
| 11 | 11/442 | മാധവി, തേറുങ്ങാട്ടിൽ | 30 | സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം 11/442 കെട്ടിടത്തിന്റെ Tax Exemption Type എന്ന കോളത്തിൽ സ.ഉ(എം.എസ്) നം.358/15 എന്നും 11/443 കെട്ടിടത്തിന്റെ Tax Exemption Type എന്ന കോളത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹം എന്നും രേഖപ്പെടുത്തിയിരിക്കുന്നു. |
| | 11/443 | | 40 | |
| 12 | 12/184 | സരോജിനി, പള്ളിപ്പുറത്ത് | 37 | സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം കെട്ടിടങ്ങളുടെ Tax Exemption Type എന്ന കോളത്തിൽ സ.ഉ(എം.എസ്) നം.358/15 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |
| | 12/185 | | 36 | |
| 13 | 12/591 | ലക്ഷ്മികുട്ടി, ചമതകുണ്ടിൽ | 30 | സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം 12/591 കെട്ടിടത്തിന്റെ Tax Exemption Type എന്ന കോളത്തിൽ സ.ഉ(എം.എസ്) നം.358/15 എന്നും 12/592 കെട്ടിടത്തിന്റെ Tax Exemption Type എന്ന കോളത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹം എന്നും രേഖപ്പെടുത്തിയിരിക്കുന്നു. |
| | 12/592 | | 10 | |

| | | | | |
|---|---|---|---|---|
| 14 | 14/243 | ചന്ദ്രൻ, കല്ലാനശ്ശേരി ത്രാങ്ങാലി | 47 | സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം കെട്ടിടങ്ങളുടെ Tax Exemption Type എന്ന കോളത്തിൽ സ.ഉ(എം.എസ്) നം.358/15 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |
| | 14/249 | | 36 | |
| 15 | 16/73 | നാരായണൻകുട്ടി, പുറംതൊടി | 30 | ,, |
| | 16/75 | | 33 | |

16.12.2015 ലെ സ.ഉ(എം.എസ്) നം.358/15/തസ്വഭവ പ്രകാരം 60 ച.മി.വരെ തറ വിസ്തീർണ്ണമുള്ള വാസഗൃഹ കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ ആനുകൂല്യം ഒരു കുടുംബനാഥൻ/നാഥയുടെ പേരിലുള്ള സ്വന്തം താമസത്തിനായി ഉപയോഗിക്കുന്ന ഒരു വാസഗൃഹത്തിന് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. മേൽ പട്ടിക പ്രകാരം ഒരേ ഉടമസ്ഥന്റെ പാർപ്പിടാവശ്യത്തിനുള്ള ഒന്നിലേറെ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് അനുവദിച്ചതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 09/27.08.2022) അപാകങ്ങൾ ഉടൻ പരിഹരിച്ച് ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

സഞ്ചയയിലെ 1 മുതൽ 18 വരെയുള്ള മുഴുവൻ വാർഡുകളുടെയും അസ്സസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ച് ഒരേ ഉടമസ്ഥന്റെ പാർപ്പിടാവശ്യത്തിനുള്ള ഒന്നിലേറെ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് അനുവദിച്ചത് പുന:പരിശോധിച്ച് അർഹമായ കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 ഒരേ ഉപയോഗക്രമമുള്ള വാണിജ്യ കെട്ടിടങ്ങളെ വിഭജിച്ച് കെട്ടിട നമ്പർ നൽകുന്നത് - ബാധകമായ ഉയർന്ന നിരക്കിൽ വസ്തു നികുതി ഈടാക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ, 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് വിനിയോഗിച്ചിരിക്കുകയാണെങ്കിൽ മാത്രമെ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിടത്തിനും പ്രത്യേകം വസ്തുനികുതി ചുമത്തേണ്ടതുള്ളൂ. വാണിയംകുളം ഗ്രാമപഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ളവ '100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 45/- രൂപയും '100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ' കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 60/- രൂപയായും നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ നികുതി നിർണ്ണയ രേഖകൾ പരിശോധിച്ചതിൽ നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഒരാളുടെ ഉടമസ്ഥതയിലുള്ള 100 ച.മീന് മുകളിലുള്ള ഒരേ ഉപയോഗക്രമമുള്ള പല വാണിജ്യ കെട്ടിടങ്ങളും വ്യക്തമായ കാരണങ്ങൾ ഒന്നും രേഖപ്പെടുത്താതെ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണ്ണയിക്കുകയും, അവയ്ക്ക് ബാധകമാകുന്ന ഉയർന്ന നിരക്ക് ഈടാക്കുന്നതിന് പകരം 100 ച.മീ.യിൽ താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമാകുന്ന 45/- രൂപ നിരക്കിൽ നികുതി ഈടാക്കുകയുമാണ് ചെയ്തിരിക്കുന്നത്.

കെട്ടിടങ്ങളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു (വാണിയംകുളം ഗ്രാമപഞ്ചായത്തിലെ 1 മുതൽ 10 വരെയുള്ള വാർഡുകളിലെ കെട്ടിടങ്ങളുടെ സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചത് പ്രകാരം).

| ക്രമ നം. | കെട്ടിട നമ്പർ | ഉടമസ്ഥൻ | ഫയൽ നം. | ആകെ വിസ്തീർണ്ണം (M2) | വസ്തു നികുതി നിലവിൽ വന്ന വർഷം |
|---|---|---|---|---|---|
| 1 | 1/739 മുതൽ 1/746 വരെ | സ്രാജ്ജ, ചാണ്ടാംകുഴി | A5/5320 /27.08.2021 | 180.67 | 2021 ഒന്നാം അർദ്ധ വർഷം |
| 2 | 3/682 മുതൽ 3/687 വരെ | അബൂബക്കർ പി, പറക്കാട്ടിൽ | 2792/16 /18.03.2016 | 199.9 | 2013 ഒന്നാം അർദ്ധ വർഷം |
| 3 | 3/722 മുതൽ 3/725 വരെ | രാഘവൻ, പുലാക്കൽതൊടി | 5261/13.06.2016 | 197.85 | 2016 ഒന്നാം അർദ്ധ വർഷം |
| 4 | 3/810 മുതൽ 3/813 വരെ | രാജാമണി, തോട്ടിങ്ങൽ | A2/4021 /19/17.05.2019 | 128.17 | 2020 ഒന്നാം അർദ്ധ വർഷം |
| 5 | 3/819 മുതൽ 3/834 | മുഹമ്മദ് അബ്ദുൾ ബഷീർ, നാരായപറമ്പ് | A5/3191 /01.07.2021 | 312 | 2021 ഒന്നാം അർദ്ധ വർഷം |
| 6 | 3/838 മുതൽ 3/839 വരെ | ശരത്ത്, കൈരളി | A5/6122 /24.11.2021 | 118.66 | 2021 ഒന്നാം അർദ്ധ വർഷം |
| 7 | 4/1305 മുതൽ 4/1306 വരെ | സുരേഷ് ബാബു, കൽപാത്തിക്കൽ | 6973/16.08.2016 | 108.78 | 2016ഒന്നാം അർദ്ധ വർഷം |
| 8 | 4/1359 മുതൽ 4/1369 വരെ | വിജയകുമാർ, കുന്നത്ത് | 6598/03.11.2018 | 176.58 | 2018 രണ്ടാം അർദ്ധ വർഷം |
| 9 | 4/1374മുതൽ 4/1381 വരെ | കെ അബ്ദുൾ ഖയ്യും, കൊമ്പിന്റകത്ത് | 3065/03.11.2018 | 670.2 | 2018 ഒന്നാം അർദ്ധ വർഷം |
| 10 | 4/1450 മുതൽ 4/1454 വരെ | മുഹമ്മദ്കുട്ടി, നെച്ചിക്കാട്ടിൽ | A5/786 /2020/05.02.2020 | 122.33 | 2020 ഒന്നാം അർദ്ധ വർഷം |
| 11 | 4/1494 മുതൽ 4/1497 വരെ | അബ്ദുൾ സലാം, കരിമ്പനക്കൽ | A5/4138 /11.08.2022 | 133.66 | 2021 ഒന്നാം അർദ്ധ വർഷം |
| 12 | 4/1518 മുതൽ 4/1519 വരെ | മുഹമ്മദാലി കെ ടി, കരിമ്പനതോട്ടത്തിൽ | SC4/1439 /22/14.06.2022 | 103.7 | 2022 ഒന്നാം അർദ്ധ വർഷം |
| 13 | 4/1531 മുതൽ 4/1534 വരെ (ഇതിൽ 4/1531 കെട്ടിടത്തിന് ഉയർന്ന | പ്രമേദ് വേലൂർ മേനോൻ, മേനോൻസ് | SC4/1636 /22/22.06.2022 | 272.02 | 2022 ഒന്നാം അർദ്ധ വർഷം |

| | | | | | |
|---|---|---|---|---|---|
| | നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ട്.) | | | | |
| 14 | 6/795 മുതൽ 6/798 വരെ | സുധീർ വി എസ്, വാച്ചാക്കര | A5/409 /20.01.2022 | 114.76 | 2021 രണ്ടാം അർദ്ധ വർഷം |
| 15 | 6/800 മുതൽ 6/804 വരെ | ശിവശങ്കരൻകുട്ടി, ചക്കോട്ടിൽ | A5/4115 /10.08.2021 | 163.88 | 2021 ഒന്നാം അർദ്ധ വർഷം |
| 16 | 7/912 മുതൽ 7/913 വരെ | ജ്യോതിലക്ഷ്മി, പാന്തലിൽ | A5/3820 /06.07.2020 | 161.87 | 2020 ഒന്നാം അർദ്ധ വർഷം |
| 17 | 7/960 മുതൽ 7/961 വരെ | മുരളി, പൂലിരി | A5/5347 /21/13.10.2021 | 163.06 | 2021 ഒന്നാം അർദ്ധ വർഷം |
| 18 | 8/662 മുതൽ 8/669 വരെ | മുഹമ്മദ്കുട്ടി, നെച്ചിക്കാട്ടിൽ | A6/1605 /17/12.04.2017 | 188.17 | 2017 ഒന്നാം അർദ്ധ വർഷം |
| 19 | 8/745 മുതൽ 8/750 വരെ | വിനോദ്, വിസ്മയം | A2/2438 /19/13.05.2019 | 170.37 | 2019 ഒന്നാം അർദ്ധ വർഷം |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/30.08.2022) ഒരാളുടെ ഉടമസ്ഥതയിലുള്ള ഒരേ ഉപയോഗക്രമമുള്ള വാണിജ്യ കെട്ടിടങ്ങളെ വിഭജിച്ച് കെട്ടിട നമ്പർ നൽകുമ്പോൾ ബാധകമായ ഉയർന്ന നിരക്ക് ഏർപ്പെടുത്തി വസ്തു നികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

ഒരേ ഉപയോഗക്രമമുള്ള വാണിജ്യ കെട്ടിടങ്ങളെ വിഭജിച്ച് കെട്ടിട നമ്പർ നൽകുമ്പോൾ അവയ്ക്ക് ബാധകമാകുന്ന ഉയർന്ന നിരക്കിൽ വസ്തു നികുതി നിർണ്ണയിക്കുന്നതിന് പകരം കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചത് പരിശോധിച്ച് (പഞ്ചായത്തിലെ 18 വാർഡുകളിലേയും) സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി വസ്തു നികുതി ഇനത്തിലുണ്ടായ നഷ്ടം കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തിന്റെ 2021-22 ലെ തൊഴിൽ നികുതി രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 26/31.08.2022) ലഭ്യമാക്കിയ മറുപടി പരിഗണിച്ച് തയ്യാറാക്കിയിട്ടുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

### 1-15-1 സ്ഥാപനങ്ങളുടെ ഡാറ്റാ ബേസ് നിലവിലില്ല

തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള

ഡാറ്റാ ബേസ് നിലവില്ലില്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിലെ ആദ്യത്തെ പേജിൽ തൊഴിൽ നികുതി ഈടാക്കിയ സ്ഥാപനങ്ങളുടെ വിവരം ക്രമ നമ്പർ പ്രകാരം ചേർക്കുകയാണ് ചെയ്യുന്നത്. തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ഇലക്ട്രോണിക് ഡാറ്റാബേസ് തയ്യാറാക്കേണ്ടതും ആയത് ഓരോ സാമ്പത്തിക വർഷവും കാലികമാക്കേണ്ടതുമാണ്. ഇതിനായി തൊഴിൽ വകുപ്പ്, ചരക്ക് സേവന നികുതി വകുപ്പ്, വ്യവസായ വകുപ്പ്, ക്ഷേമനിധി ബോർഡുകൾ മുതലായ വകുപ്പുകളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കാവുന്നതാണ്.

1-15-2 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ആയത് ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധ വർഷം | റിമാർക്സ് |
|---|---|---|---|
| 1 | ബി എസ് എൻ എൽ, വാണിയംകുളം (തൊഴിൽ നികുതി രജിസ്റ്ററിലെ ക്രമ നം. 15) | I &II | |
| 2 | ബ്രാഞ്ച് പോസ്റ്റ് ഓഫീസ്, ചോറോട്ടൂർ (തൊഴിൽ നികുതി രജിസ്റ്ററിലെ ക്രമ നം. 19) | II | ഒന്നാം അർദ്ധ വർഷത്തിൽ മൂന്ന് പേരുടെ തൊഴിൽ നികുതിയായി 2500 രൂപ അടച്ചിട്ടുണ്ട്. |
| 3 | ബ്രാഞ്ച് പോസ്റ്റ് ഓഫീസ്, പനയൂർ (തൊഴിൽ നികുതി രജിസ്റ്ററിലെ ക്രമ നം. 20) | I | രണ്ടാം അർദ്ധ വർഷത്തിൽ രണ്ട് പേരുടെ തൊഴിൽ നികുതിയായി 1000 രൂപ അടച്ചിട്ടുണ്ട്. |
| 4 | ബ്രാഞ്ച് പോസ്റ്റ് ഓഫീസ്, മാന്നന്നൂർ (തൊഴിൽ നികുതി രജിസ്റ്ററിലെ ക്രമ നം. 21) | I | രണ്ടാം അർദ്ധ വർഷത്തിൽ മൂന്ന് പേരുടെ തൊഴിൽ നികുതിയായി 2750 രൂപ അടച്ചിട്ടുണ്ട്. |
| 5 | സ്റ്റൈയിൽ മൈക്രോ ഫിനാൻസ് (തൊഴിൽ നികുതി രജിസ്റ്ററിലെ ക്രമ നം. 31) | II | ഒന്നാം അർദ്ധ വർഷത്തിൽ നാല് പേരുടെ തൊഴിൽ നികുതിയായി 4450 രൂപ അടച്ചിട്ടുണ്ട്. എന്നാൽ രണ്ടാം അർദ്ധ വർഷത്തിൽ ഒരാളുടെ തൊഴിൽ നികുതി (180 രൂപ) മാത്രമാണ് അടവാക്കിയിട്ടുള്ളത്. |
| 6 | കാവേരി ഇംപ്ലിമെന്റ്സ് പ്രൈ. ലിമിറ്റഡ് (തൊഴിൽ നികുതി രജിസ്റ്ററിലെ ക്രമ നം. 62) | I &II | |
| 7 | കൽപന മെറ്റൽസ് (തൊഴിൽ നികുതി | I &II | |

| | | | |
|---|---|---|---|
| | രജിസ്റ്ററിലെ ക്രമ നം. 65) | | |
| 8 | ലൈനസ് എഡ്യുക്കേഷൻ സർവ്വീസ് ട്രൈനിംഗ് (തൊഴിൽ നികുതി രജിസ്റ്ററിലെ ക്രമ നം. 67) | I &II | |
| 9 | ഹരിശ്രീ മാർക്കറ്റിംഗ് (തൊഴിൽ നികുതി രജിസ്റ്ററിലെ ക്രമ നം. 69) | I &II | |
| 10 | കെ സി എഞ്ചിനീയറിംഗ് (തൊഴിൽ നികുതി രജിസ്റ്ററിലെ ക്രമ നം. 70) | I &II | |
| 11 | റോയൽ കാറ്ററിംഗ് (തൊഴിൽ നികുതി രജിസ്റ്ററിലെ ക്രമ നം. 71) | I &II | |
| 12 | മയിൽ വാഹനം പെട്രോൾ പമ്പ് (തൊഴിൽ നികുതി രജിസ്റ്ററിലെ ക്രമ നം. 80) | II | ഒന്നാം അർദ്ധ വർഷത്തിൽ നാല് പേരുടെ തൊഴിൽ നികുതിയായി 1950 രൂപ അടച്ചിട്ടുണ്ട്. |
| 13 | ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ (മാന്നനൂർ, ചോറോട്ടൂർ, പനയൂർ) | I &II | |
| 14 | അക്ഷയ ഇ കേന്ദ്രങ്ങൾ (വാണിയംകുളം, കൂനത്തറ, മനിശ്ശിരി Etc) | I &II | |
| 15 | വെൽമൻ ഓട്ടോസ്, വാണിയംകുളം | I &II | |
| 16 | ദേവികൃപ ഗ്രാസ് ഏജൻസീസ് | I &II | |
| 17 | ഗ്രാന്റ് ഹുഡായ്, മനിശ്ശീരി | I &II | |

1-15-3 സ്വകാര്യ സ്കൂളുകളിലെ ജീവനക്കാരിൽ നിന്നും കുറഞ്ഞ സ്ലാബിലുള്ള തൊഴിൽ നികുതി ഈടാക്കുന്നു

സി.ബി.എസ്.ഇ യുടെ 18.10.2018ലെ അഫിലിയേഷൻ ബൈലോയിലെ 5.2.2 പ്രകാരം അധ്യാപക-അനധ്യാപക ജീവനക്കാരുടെ വേതനത്തെക്കുറിച്ച് “The Teaching And Non Teaching Staff Should Be Appointed On Pay Scales Prescibed By The Appropriate Government." എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 12.09.2011 ലെ സർക്കാർ ഉത്തരവ് (പി) 155/2011/LBR പ്രകാരം സംസ്ഥാനത്തെ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകേതര ജീവനക്കാരുടെ കുറഞ്ഞ വേതനവും നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്കൂളുകളിലെ 2021-22

വർഷത്തിലെ രണ്ട് അർദ്ധ വർഷങ്ങളിലേയും തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ, മേൽ സൂചിപ്പിച്ച നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലെന്ന് കാണുന്നു.

| ക്രമ നം. | സ്കൂളിന്റെ പേര് |
|---|---|
| 1 | ഗാലക്സി പബ്ലിക് സ്കൂൾ, വാണിയംകുളം |
| 2 | സ്വാതി സെൻട്രൽ സ്കൂൾ, വാണിയംകുളം |

സർക്കാർ നിഷ്കർഷിക്കുന്ന നിരക്കിലുള്ള ശമ്പളം തൊഴിൽ നികുതി പത്രികകളിൽ രേഖപ്പെടുത്താത്തതിനാൽ, തൊഴിൽ നികുതി ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ഗണ്യമായ നഷ്ടം സംഭവിക്കുന്നുണ്ട്. ഇതിൽ സ്വാതി സെൻട്രൽ സ്കൂൾ, വാണിയംകുളം നൽകിയ അർദ്ധവാർഷിക വരുമാനപത്രിക പ്രകാരം എല്ലാ ജീവനക്കാരുടേയും (പ്രിൻസിപ്പാൾ, ടീച്ചർ തുടങ്ങിയ വിവിധ തസ്തികകൾ) 6 മാസത്തെ ആകെ വരുമാനമായി രേഖപ്പെടുത്തിയിരിക്കുന്നത് 60000 മുതൽ 14400 രൂപ വരെയാണ്. വിവിധ തസ്തികയിൽ ജോലി ചെയ്യുന്നവരുടെ യഥാർത്ഥ വരുമാനം പരിശോധിച്ച് ഉറപ്പു വരുത്തി അവയ്ക്ക് ബാധകമാകുന്ന ഉയർന്ന സ്ലാബിൽ തൊഴിൽ നികുതി ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15-4 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ആയത് ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|---|
| 1 | കെ എസ് ഇ ബി ലിമിറ്റഡ്, വാണിയംകുളം (തൊഴിൽ നികുതി രജിസ്റ്ററിലെ ക്രമ നം. 9) | I &II |
| 2 | ബി എസ് എൻ എൽ, വാണിയംകുളം (തൊഴിൽ നികുതി രജിസ്റ്ററിലെ ക്രമ നം. 15) | I &II |
| 3 | സ്മൈയിൽ മൈക്രോ ഫിനാൻസ് (തൊഴിൽ നികുതി രജിസ്റ്ററിലെ ക്രമ നം. 31) | I &II |
| 4 | കാവേരി ഇംപ്ലിമെന്റ്സ് പ്രൈ. ലിമിറ്റഡ് (തൊഴിൽ നികുതി രജിസ്റ്ററിലെ ക്രമ നം. 62) | I &II |
| 5 | കൽപന മെറ്റൽസ് (തൊഴിൽ നികുതി രജിസ്റ്ററിലെ ക്രമ നം. 65) | I &II |
| 6 | ലൈനസ് എഡ്യൂക്കേഷൻ സർവ്വീസ് ട്രൈനിംഗ് (തൊഴിൽ നികുതി രജിസ്റ്ററിലെ ക്രമ നം. 67) | I &II |
| 7 | ഹരിശ്രീ മാർക്കറ്റിംഗ് (തൊഴിൽ നികുതി രജിസ്റ്ററിലെ ക്രമ നം. 69) | I &II |
| 8 | കെ സി എഞ്ചിനീയറിംഗ് (തൊഴിൽ നികുതി രജിസ്റ്ററിലെ ക്രമ നം. 70) | I &II |
| 9 | ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ (മാന്നന്നൂർ, ചോറോട്ടൂർ, പനയൂർ, കുനത്തറ) | I &II |
| 10 | അക്ഷയ ഇ കേന്ദ്രങ്ങൾ (വാണിയംകുളം, കുനത്തറ, മനിശ്ശിരി Etc) | I &II |
| 11 | വെൽമൻ ഓട്ടോസ്, വാണിയംകുളം | I &II |
| 12 | ദേവികൃപ ഗ്യാസ് ഏജൻസീസ് | I &II |
| 13 | ഗ്രാന്റ് ഹുഡായ്, മനിശ്ശീരി | I &II |

### 1-15-5 പദ്ധതി പ്രകാരമുള്ള താൽക്കാലിക ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പ്രൊജക്ട് നം. 98, കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനായി അധിക സ്റ്റാഫ് നിയമനം

അടങ്കൽ - 1300000/- രൂപ (തനത് ഫണ്ട്)

ചെലവ് - 1248910/- രൂപ (തനത് ഫണ്ട്)

മേൽ പദ്ധതി പ്രകാരം കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് പഞ്ചായത്ത് ഡോക്ടർ, നേഴ്സ്, ഫാർമസിസ്റ്റ് എന്നീ താൽക്കാലിക ജീവനക്കാരെ നിയമിച്ച് വേതനം നൽകിയിട്ടുണ്ട്. എന്നാൽ താൽക്കാലിക ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ആയത് ഡിമാന്റ് ചെയ്ത് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-15-6 വിമുക്ത ഭടന്മാർക്ക് തൊഴിൽ നികുതി ഇളവ് നൽകിയിരിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വിമുക്തഭടന്മാർ തൊഴിൽ നികുതി അടവാക്കുവാൻ ബാധ്യസ്ഥരാണ്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 15.10.2010 ലെ 34134/എഫ്.എം.1/ 2007 നമ്പർ കത്ത് പ്രകാരം വിമുക്തഭടന്മാരെ തൊഴിൽ നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കുവാൻ കഴിയില്ലെന്ന് സ്പഷ്ടീകരണം നൽകിയിട്ടുമുണ്ട്. പി.കെ.ദാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ ജീവനക്കാരുടെ 2021-22 വർഷത്തെ ഒന്നാം അർദ്ധ വർഷത്തെ ജീവനക്കാരുടെയും ഡോക്ടർമാരുടെയും തൊഴിൽ നികുതി പത്രികകളിൽ 'വിമുക്തഭടൻ' എന്ന രേഖപ്പെടുത്തി നികുതിയിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് | തസ്തിക | 2021-22 വർഷത്തെ ഒന്നാം അർദ്ധ വർഷത്തെ ആകെ വരുമാനം | ഈടാക്കേണ്ടിയിരുന്ന തൊഴിൽ നികുതി |
|---|---|---|---|---|
| 1 | ഡോ. ലഫ്റ്റനന്റ് കേണൽ വൽസൺ | പ്രൊഫസർ | 728560 | 1250 |
| 2 | വിഭാ പി എസ് | ഡെപ്യൂട്ടി നേഴ്സിംഗ് സൂപ്രണ്ട് | 230777 | 1250 |
| 3 | ജയപ്രസാദ് ടി | നേഴ്സിംഗ് അസിസ്റ്റന്റ് | 43564 | 300 |
| 4 | വാസുദേവൻ സി | സ്റ്റോർ ഇൻ ചാർജ് | 107414 | 1000 |
| 5 | പ്രദീപ് കെ | ഡ്രൈവർ | 97591 | 750 |
| 6 | ശിവകുമാർ പി | എച്ച് ആർ മാനേജർ | 171300 | 1250 |
| 7 | ശ്രീനിവാസ് എം | അഡ്മിൻ മാനേജർ | 352130 | 1250 |
| 8 | മണികണ്ഠൻ കെ കെ | ഫ്ലോർ സൂപ്പർവൈസർ | 107849 | 1000 |
| ആകെ ഈടാക്കുവാനുള്ള തൊഴിൽ നികുതി | | | | 8050/- രൂപ |

മേൽ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

### 1-15-7 സെൽഫ് ഫൈനാൻസിംഗ് സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സെൽഫ് ഫൈനാൻസിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വാർഷിക ടേണോവറുടെ അടിസ്ഥാനത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ആയത് ഡിമാന്റ് ചെയ്ത് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|---|
| 1 | പി കെ ദാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, വാണിയംകുളം | I &II |
| 2 | അലൈഡ് മാനേജ്മെന്റ് കോളേജ്, മനിശ്ശീരി | I &II |
| 3 | നെഹ്റു കോളേജ് ഓഫ് നേഴ്സിംഗ് | I &II |
| 4 | ഗാലക്സി പബ്ലിക് സ്കൂൾ, വാണിയംകുളം | I &II |
| 5 | സ്വാതി സെൻട്രൽ സ്കൂൾ, വാണിയംകുളം | I &II |

1-16 വിമുക്ത ഭടന്മാർക്ക് വസ്തു നികുതി ഇളവ് - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

26.05.2017 ലെ സ.ഉ(കൈ)നം.106/17/തസ്വഭവ പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് വസ്തു നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ സഞ്ചയയിലെ എക്സ് സർവ്വീസ് എക്സംപ്ഷൻ രജിസ്റ്റർ പ്രകാരം 208 വീടുകൾക്ക് മേൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള വസ്തു നികുതി ഇളവ് നൽകിയിട്ടുണ്ട്. എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് (തീരുമാനം നം. 3(c)/07.04.2021, 3-2(a)/08.12.2021, 2-2(c)/06.03.2022) പ്രകാരം 2021-22ൽ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ആകെ 18 പേർക്ക് മാത്രമാണ് പ്രസ്തുത ഇളവ് നൽകിയിട്ടുള്ളത്. മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെ വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/വിധവകൾക്ക് വസ്തു നികുതിയിൽ ഇളവ് അനുവദിക്കുവാനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 37/01.09.2022) സഞ്ചയയിൽ ഇളവ് അവസാനിക്കുന്ന വർഷം ചേർക്കാൻ വിട്ടു പോയതാണെന്നും അയത് പരിഹരിച്ച് തുടർ വർഷങ്ങളിൽ അന്വേഷണം നടത്തി അപേക്ഷ നൽകിയവർക്ക് മാത്രം നികുതി ഇളവ് ചെയ്തു നൽകുന്നതാണെന്നുമുള്ള മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

സർക്കാർ ഉത്തരവ് പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് വസ്തു നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ അർഹത പരിശോധിച്ച് ഇളവിന് അർഹതയുള്ളവരുടെ രേഖകൾ വാങ്ങി സൂക്ഷിക്കാനും രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്താനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

1-17 വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികതി കുറവായി നിർണ്ണയിച്ചു - കുറവായ തുക ഈടാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ 1 മുതൽ 10 വരെയുള്ള വാർഡുകളിലെ കെട്ടിടങ്ങളുടെ സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുള്ള പല കെട്ടിടങ്ങൾക്കും അവയ്ക്ക് ബാധകമാകുന്ന ഉയർന്ന നിരക്കിൽ വസ്തു നികുതി നിർണ്ണയിക്കാതെ കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചതായി കാണുന്നു.

ഗ്രാമപഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ളവ '100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ' കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 45/- രൂപയും '100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ' കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 60/- രൂപയായും നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ നികുതി നിർണ്ണയ രേഖകൾ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിലുള്ള താഴെ പറയുന്ന കെട്ടിടങ്ങൾക്ക് അവയ്ക്ക് ബാധകമാകുന്ന ഉയർന്ന നിരക്ക് ഈടാക്കുന്നതിന് പകരം 100 ച.മീ.യിൽ താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമാകുന്ന 45/- രൂപ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയതായി കാണുന്നു.

കെട്ടിടങ്ങളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമസ്ഥൻ | വിസ്തീർണ്ണം (ച.മീ.) | ഉപയോഗക്രമം | വസ്തു നികുതി നിലവിൽ വന്ന വർഷം |
|---|---|---|---|---|---|
| 1 | 3/651 | ഹംസ, കവളേങ്ങിൽ | 295.13 | ഗോഡൗൺ | 2013 ഒന്നാം അർദ്ധ വർഷം |
| 2 | 4/1413 | ഷൺമുഖദാസ്, വാണിയംകുളം അങ്ങാടി | 119.44 | ഷോപ്പുകൾ | 2019 ഒന്നാം അർദ്ധ വർഷം |
| 3 | 4/1414 | „ | 145.62 | „ | 2019 ഒന്നാം അർദ്ധ വർഷം |
| 4 | 4/1294 | കദീജ, കുന്നത്ത് | 293 | ഗോഡൗൺ | 2016 ഒന്നാം അർദ്ധ വർഷം |

മേൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തു നികുതി കണക്കാക്കുവാനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/30.08.2022) വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ഏർപ്പെടുത്തി വസ്തു നികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

വാണിജ്യ കെട്ടിടങ്ങൾക്ക് അവയ്ക്ക് ബാധകമാകുന്ന ഉയർന്ന നിരക്കിൽ വസ്തു നികുതി നിർണ്ണയിക്കുന്നതിന് പകരം കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചത് പരിശോധിച്ച് (പഞ്ചായത്തിലെ 18 വാർഡുകളിലേയും) സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി വസ്തു നികുതി ഇനത്തിലുണ്ടായ നഷ്ടം കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-18 അനധികൃത നിർമ്മാണം- തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം 4 പ്രകാരം ഏതൊരാളും സെക്രട്ടറിയിൽ നിന്നും പെർമിറ്റ് ലഭ്യമാക്കാതെ കെട്ടിടം നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. പെർമിറ്റ് നേടാതെ നിരവധി നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട് എന്ന് ഫയൽ പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

വാർഷിക കണക്ക് പ്രകാരം പെർമിറ്റ് ഫീയിനത്തിൽ 273449-രൂപയും ക്രമവൽക്കരണ ഫീസിനത്തിൽ

158932രൂപയുമുണ്ട്. പഞ്ചായത്ത് കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ, ബിൽഡിങ്ങ് അപ്ലിക്കേഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ തൻ വർഷം 256 കെട്ടിട നിർമ്മാണ പെർമിറ്റ്/ക്രമവൽക്കരണ അപേക്ഷകളാണ് വന്നിട്ടുള്ളത്. കെട്ടിട നിർമ്മാണം അനുമതി വാങ്ങാതെ നിർവ്വഹിക്കുകയും പണി പൂർത്തിയായ ശേഷം ക്രമ വൽക്കരണ അപേക്ഷ സമർപ്പിക്കുകയും ചെയ്യു വരുന്ന പ്രവണത പഞ്ചായത്തിൽ വ്യാപകമായി കാണുന്നു. പല അപേക്ഷകളിലും നോട്ടീസ് നൽകിയിട്ടും മറുപടി ലഭിക്കാത്തതും അനുമതി നൽകാൻ സാധിക്കാത്ത നഞ്ച ഭൂമിയിൽ നിർമ്മിച്ചതായതും മറ്റ് അതിരളവുകളും മറ്റ് നിർമ്മാണത്തിലെ അപാകതകൾ ഉള്ളവയുമായി ധാരാളം നിർമ്മാണം പൂർത്തീകരിച്ച അപേക്ഷകൾ നടപടിയെടുക്കാൻ കഴിയാതെ പഞ്ചായത്തിൽ പെന്റിംഗ് ആണ്. ഇവയിൽ അപാകത പരിഹരിക്കാത്ത 67അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. ഇവയിൽ റസിഡൻഷ്യൽ കെട്ടിടങ്ങളും വാണിജ്യ കെട്ടിടങ്ങളും ഉൾപ്പെടുന്നു. എന്നാൽ ഇത്തരം അനധികൃത നിർമ്മാണങ്ങളുടെ അപേക്ഷ നിരസിച്ച് ചട്ടപ്രകാരമുള്ള തുടർ നടപടി സ്വീകരക്കേണ്ടിയിരുന്നതും അവയെ അനധികൃത കെട്ടിട നിർമ്മാണമായി കണക്കാക്കി യു.എ നമ്പർ നൽകി മൂന്നിരട്ടി വസ്തുനികുതി ഈടാക്കേണ്ടതുമായിരുന്നു. എന്നാൽ ഇത്തരം നടപടികളൊന്നും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

| അപേക്ഷയുടെ തരം | അനുവദിച്ച എണ്ണം (2020-21) |
|---|---|
| കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ വന്നത് | 256 |
| പെർമിറ്റ് നേടി പൂർത്തീകരിച്ചത് | 222 |
| റഗുലറൈസേഷൻ പൂർത്തീകരിച്ചത് | 45 |
| റഗുലറൈസേഷനുള്ള അപേക്ഷ നിരസിച്ചത് | 67 |

പെർമിറ്റ് എടുക്കാതെ റഗുലറൈസേഷൻ ചെയ്യ കെട്ടിടങ്ങൾ അധികരിക്കുന്നത് പഞ്ചായത്ത് പ്രദേശത്ത് പെർമിറ്റില്ലാതെയുള്ള നിർമ്മാണങ്ങൾ ധാരാളം നടക്കുന്നുണ്ടെന്നും നിർമ്മാണങ്ങളുടെ മേൽ പഞ്ചായത്തിന് വ്യക്തമായ നിയന്ത്രണമില്ല എന്നുമാണ് സൂചിപ്പിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 33/31.8.22 മറുപടിയിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

അനധികൃത നിർമ്മിതികൾക്കെതിരെ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കുക.

1-19 ഹോംകോയിൽ നിന്നും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല

പ്രൊജക്റ്റ് നം. 7/22, ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - 400000/- രൂപ (മെയിന്റനൻസ് ഫണ്ട് (റോഡിതരം))

ചെലവ് - 400000/- രൂപ (ബിൽ റെഫറൻസ് നം. 0839356/24.12.2021)

നിർവ്വഹണം- മെഡിക്കൽ ഓഫീസർ (ഹോമിയോ)

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിനായി 400000/- രൂപ ഹോംകോയ്ക്ക് (അക്കൗണ്ട് നം. 34306403911, എസ് ബി ഐ) മാറി നൽകിയിട്ടുണ്ട് (ഓർഡർ നം. 09D51/2021-22/1, തീയതി - 07.05.2022).

എന്നാൽ ഹോംകോയിൽ നിന്നും 14041/- രൂപയുടെ (ഇൻവോയ്സ് നം. LF-185/18.06.2022) മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ആയതിനാൽ 385959/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. 385959/- രൂപയുടെ മരുന്നുകൾ ഹോംകോയിൽ നിന്നും ലഭ്യമാക്കുവാനായി സ്വീകരിച്ചിട്ടുള്ള മേൽ നടപടികളുടെ വിവരം അറിയിക്കുന്നതിനു വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/30.08.2022), തന്ന മറുപടിയിൽ ബാക്കി മരുന്നുകൾ ലഭ്യമാക്കാനായി ഹോംകോയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശം

385959/- രൂപയുടെ മരുന്നുകൾ ഹോംകോയിൽ നിന്നും ലഭ്യമാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-20 കരാർ ചമക്കാതെ കെ എസ് ഇ ബിയിൽ ഡെപ്പോസിറ്റ് നടത്തി

2021-22 വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി താഴെ പറയുന്ന പ്രോജക്ടുകൾക്ക് മുൻകൂറായി തുകകൾ നിക്ഷേപ്പിച്ചിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവ്യത്തിയുടെ പേര് | അടങ്കൽ | മുൻകൂർ നൽകിയ തുക | ബിൽ/ ചെക്ക് നമ്പർ |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 74/22 ചിറയിൽപടി കോളനി സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | 50000.00 | 49924.00 | ബിൽ നം.8/27.7.21 |
| കെ.എസ്.ഇ.ബി | 217/22 തോപ്പിൽ കോളനി സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | 104891.00 | 99614.00 | ചെക്ക് നം. 336900/5.11.21 |
| കെ.എസ്.ഇ.ബി | 80/22 മൂരിയിൽപടി കോളനി സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | 100000.00 | 99946.00 | ബിൽ നം.9/27.7.21 |
| കെ.എസ്.ഇ.ബി | 77/22 മുല്ലക്കൽ കോളനി സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | 200000.00 | 199578.00 | ബിൽ നം.7/27.7.21 |
| കെ.എസ്.ഇ.ബി | 222/22 അങ്ങാടികുന്ന് കോളനി കോളനി സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | 200000.00 | 199580.00 | ബിൽ നം.16/30.9.21 |
| കെ.എസ്.ഇ.ബി | 241/22 മുല്ലക്കൽ കോളനി സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | 200000.00 | 199998.00 | ബിൽ നം.21/7.1.22 |
| കെ.എസ്.ഇ.ബി | 38/22 ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 600000.00 | 588703.00 | ചെക്ക് നം. 336900/5.11.21 |
| കെ.എസ്.ഇ.ബി | 126/22 സ്ട്രീറ്റ് ലൈൻ വലിക്കൽ | 70000.00 | 69891.00 | ചെക്ക് നം. 1896737/15.7.21 |
| കെ.എസ്.ഇ.ബി | 223/22 18-ാം വാർഡിലെ വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 75000.00 | 74976.00 | ചെക്ക് നം. 336901/10.11.21 |

| | | | | |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 127/22 സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് 16 | 100000.00 | 99986.00 | ചെക്ക് നം. 1896737/15.7.21 |

സർക്കാർ ഉത്തരവ് നം. 11/2018/ത.സ്വ.ഭ.വ തീയതി: 29.01.2018 – 13-ാം പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 11.2(2) , 11.2(ഡി) ii – എന്നിവ പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് മുൻകൂർ നൽകുമ്പോൾ തദ്ദേശ സ്ഥാപനം ബന്ധപ്പെട്ട ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ മുൻകൂർ നൽകാവൂവെന്ന വ്യവസ്ഥക്ക് വിരുദ്ധമായി കരാർ ചമക്കാതെയാണ് കെ എസ് ഇ ബി ലിമിറ്റഡിൽ തുക ഡെപ്പോസിറ്റ് നടത്തിയത്. ഇത് മൂലം മുദ്ര പത്ര വില ഇനത്തിൽ സംസ്ഥാന ഖജനാവിന് നഷ്ടം ഉണ്ടായിട്ടുണ്ട്. പ്രവർത്തിയുമായി ബന്ധപ്പെട്ട് ഉണ്ടായേക്കാവുന്ന തർക്കങ്ങൾക്ക് നിയമ പരിരക്ഷ ലഭിക്കണമെങ്കിൽ മതിയായ വ്യവസ്ഥകളോടെ കരാറിൽ ഏർപ്പെടേണ്ടതായിരുന്നു.

ഭാവിയിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 ശാരീരിക,മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അർഹമായ മുഴുവൻ തുകയും നൽകിയിട്ടില്ല

| | | |
|---|---|---|
| പ്രോജക്ട് : ശാരീരിക,മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | അടങ്കൽ- 13,00000 | ചെലവ്<br>വികസന ഫണ്ട്-549650<br>ബ്ലോക്ക് വിഹിതം- 349300<br>തനത്- 50000 |
| നിർവ്വഹണം: ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ആകെ | 948950 |

29.01.2018ലെ ജി.ഒ.(എം.എസ്)11/2018/ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 5.2.1(4)പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകുന്ന സ്കോളർഷിപ്പിനും ബത്തയ്ക്കുമുള്ള തുക നിർബന്ധമായും വകയിരുത്തേണ്ടതുണ്ട്. സബ്സിഡി മാർഗ്ഗരേഖ (14.02.2018ലെ സ.ഉ.(എം.എസ്) നം.22/2018/ത.സ്വ.ഭ.വ ഖണ്ഡിക നമ്പർ 7.1.6 പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകേണ്ട സ്കോളർഷിപ്പ് തുകയുടെ നിരക്കുകൾ നൽകുകയും നിശ്ചിത നിരക്കുകൾ പ്രകാരം സ്കോളർഷിപ്പ് നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

തൻ വർഷത്തിൽ ശാരീരിക, മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസിനനുസരിച്ച് പൂർണ്ണ നിരക്കിൽ സ്കോളർഷിപ്പ് നൽകിയിട്ടില്ല.

| വൈകല്യത്തിന്റെ തരം | വിദ്യാർത്ഥികളുടെ എണ്ണം/നിരക്ക് | അർഹതയുള്ള തുക | അനുവദിച്ച തുക | ബാക്കി |
|---|---|---|---|---|
| മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ | 40*28500 | 1140000- | 869250 | 270750 |
| ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ | LP-6*5300 | 31800 | 15900 | 15900 |
| | UP-5*6600 | 33000 | 19800 | 13200 |
| | HS/HSS-4*8000 | 32000 | 24000 | 8000 |
| | Graduation-1*13000 | 13000 | 6500 | 6500 |
| | Diploma-2*13500 | 27000 | 13500 | 13500 |
| ആകെ | | 1276800 | 948950 | 327850 |

താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് പൂർണ്ണ നിരക്കിൽ സ്കോളർഷിപ്പ് നൽകിയിട്ടില്ല.

| പേര് | വൈകല്യത്തിന്റെ തരം | ക്ലാസ്സ് | അർഹതയുള്ള തുക | അനുവദിച്ച തുക | ബാക്കി തുക |
|---|---|---|---|---|---|
| അമൃത രാജ് | ഓർത്തോ | 1 | 5300 | 2650 | 2650 |
| റോഷ്ന എം എസ് | ബധിര മൂക | 2 | 5300 | 2650 | 2650 |
| കെ അമൃത | ലോക്കോമോട്ടർ | 4 | 5300 | 2650 | 2650 |
| രൻജിത്ത് സി | ലോക്കോമോട്ടർ | 4 | 5300 | 2650 | 2650 |
| തീർത്ഥ | ലോക്കോമോട്ടർ | 4 | 5300 | 2650 | 2650 |
| വിസ്മയ | ലോക്കോമോട്ടർ | 4 | 5300 | 2650 | 2650 |
| ദേവിക കെ പി | വിഷ്വൽ | 7 | 6600 | 3300 | 3300 |
| ആർദ്രാ.സി | ബധിര മൂക | 7 | 6600 | 3300 | 3300 |
| അബിശ്വര്യ എം | ഓർത്തോ | 8 | 6600 | 3300 | 3300 |
| സഞ്ചനവി ജെ | ബധിര മൂക | 8 | 6600 | 3300 | 3300 |
| മണികണ്ഠൻ സി | ലോക്കോമോട്ടർ | 12 | 8000 | 4000 | 4000 |
| നിഖിൽ കൃഷ്ണ | ബധിര മൂക | 10 | 8000 | 4000 | 4000 |
| ശ്രീ ലക്ഷ്മി | ബധിര മൂക | ഡിഗ്രി | 13000 | 6500 | 6500 |
| ജയന്തൻ | ഓർത്തോ | ഡിപ്ലോമ | 13500 | 0 | 13500 |

| പേര് | വൈകല്യത്തിന്റെ തരം | അർഹതയുള്ള തുക | അനുവദിച്ച തുക | ബാക്കി തുക |
|---|---|---|---|---|
| അതുൽ കൃഷ്ണ പി | മാനസിക വൈകല്യം | 28500 | 14250 | 14250 |
| ഹാറോൺ കെ | ഓട്ടിസം | 28500 | 14250 | 14250 |
| അബ്ഷർ ജോണി | മാനസിക വൈകല്യം | 28500 | 14250 | 14250 |
| അഖിൽ എസ് | ,, | 28500 | 14250 | 14250 |
| ദനീഷ | ,, | 28500 | 14250 | 14250 |
| അർജ്ജുൻ വി എ | ,, | 28500 | 14250 | 14250 |
| വിനീത് പ്രദീപ് | ,, | 28500 | 14250 | 14250 |
| രോഹിത്ത് എ ആർ | ,, | 28500 | 14250 | 14250 |
| നവനീത് കൃഷ്ണ | ,, | 28500 | 14250 | 14250 |
| ഭഗത് | ,, | 28500 | 14250 | 14250 |
| കാർത്തിക് | സെറിബൽ പാർസി | 28500 | 14250 | 14250 |
| അക്ഷര | മാനസിക വൈകല്യം | 28500 | 0 | 28500 |
| കാർത്തിക | ,, | 28500 | 0 | 28500 |
| അനുശ്രീ കൃഷ്ണ | ,, | 28500 | 0 | 28500 |
| അപർണ | ,, | 28500 | 0 | 28500 |

മാനസിക വൈകല്യമുള്ള നാല് വിദ്യാർത്ഥികൾക്കും ശാരീരിക വൈകല്യമുള്ള ഒരു കുട്ടിക്കും

ധനസഹായം ഒന്നും നൽകിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 29/31-8-2022 മറുപടിയിൽ ഈ വർഷം പ്രൊജക്റ്റ് വെച്ച് ബാക്കി തുക നൽകുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

1-22 അമൃതം ന്യൂട്രിമിക്സ് വാങ്ങൽ- ജി.എസ്.ടി- ടി.ഡി.എസ് നടത്താതെ തുക അനുവദിച്ചു

ഗ്രാമപഞ്ചായത്തിൽ പോഷകാഹാര പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | ഐസിഡിഎസ് സൂപ്പർവൈസർ |
| പ്രോജക്ട് നം. | 12/22(അങ്കണവാടി പോഷകാഹാരം ജനറൽ) |
| അടങ്കൽ | 1900000- |
| ഫണ്ട് | വികസന ഫണ്ട് +കേന്ദ്രാവിഷ്കൃതം |
| ചെലവ് | 1900000- |
| ബിൽനം. തി. | (ജി എസ് ടി- ടി ഡി എസ് ഈടാക്കാത്ത ബില്ലുകൾ) 1/22, 10-08-21തുക-664829<br>2/22,12-10-2021, തുക-519725-<br>3/22,12-10-21, തുക-14541-<br>7/22,13-01-22 , തുക-169272<br>Vr No-22101154,23-03-22, തുക- 118903 (കേന്ദ്രാവിഷ്കൃതം) |

മേൽ പദ്ധതിക്കായി അങ്കണവാടികളിലേക്കുള്ള അമൃതം ന്യൂട്രിമിക്സ് കിഡ്സ് ലൗവർ അമൃതം ഫുഡ്സ്, കണിയംപുറം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. 2020-21 വർഷത്തിൽ 1487270- രൂപ അമൃതം ന്യൂട്രിമിക്സ് ഇനം വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല.

(അക്കൗണ്ട് നമ്പർ- CNRB0000738, 0738256007238)

സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും 1% തുക കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST,SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്. സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ജി.എസ്.ടി ടി.ഡി.എസ് കുറവു ചെയ്യാത്തതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണം 39/01-09-2022 നുള്ള മറുപടിയിൽ തുടർവർഷങ്ങളിൽ നിയമപരമായ ജി.എസ്.ടി ടി.ഡി.എസ് ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

1-23 ജൻ ഔഷധിയിൽ നിന്നും മരുന്ന് വാങ്ങൽ - നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്

മെഡിക്കൽ ഓഫീസർ (എഫ് എച്ച് സി) നിർവ്വഹണോദ്യഗസ്ഥനായി വിവിധ പ്രൊജക്ടുകൾ പ്രകാരം ഒറ്റപ്പാലം ജൻ ഔഷധി മെഡിക്കൽ സ്റ്റോറിൽ നിന്നും 2003279/- (ഇരുപത് ലക്ഷത്തി മൂവായിരത്തി ഇരുനൂറ്റി എഴുപതി ഒമ്പത് രൂപ) രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ബാങ്ക് അക്കൗണ്ട് നം. 44541400000436 (സിൻഡിക്കേറ്റ് ബാങ്ക്)

| പ്രൊജക്ട് നം. 97/22, സാന്ത്വന പരിചരണം പദ്ധതി 2021-22 | | | |
|---|---|---|---|
| ക്രമ നം. | ബി ആർ നം. | ജൻ ഔഷധി ബിൽ നം./തീയതി | തുക |
| 1 | 0102551/04.06.2021 | 4537/20.05.2021 | 244590.00 |
| 2 | 0188189/09.07.2021 | 1) 6156/07.06.2021 | 2700.00 |

| | | | |
|---|---|---|---|
| | | 2) 8006/07.06.2021 | |
| 3 | 0390679/09.09.2021 | 1) 10070/03.08.2021<br>2) 11565/23.08.2021 | 33692.00 |
| 4 | 0493164/07.10.2021 | 1) 13231/11.09.2021<br>2) 14763/30.09.2021 | 104978.00 |
| 5 | 01260135/07.03.2022 | 27558/02.03.2022 | 217350.00 |
| 6 | 01373386/18.03.2022 | 28567/15,03.2022 | 3150.00 |
| ആകെ | | | 606460.00 |
| പ്രൊജക്ട് നം. 99/22, കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ 2021-22 | | | |
| 1 | 0493144/29.09.2021 | 1) 13757/17.09.2021<br>2) 2021221431/17.09.2021 | 35254.00 |
| 2 | 0597767/02.11.2021 | 16518/20.10.2021 | 77088.00 |
| 3 | 01043716/02.02.2022 | 1) 21333/16.12.2021<br>2) 24266/19.01.2022 | 34596.00 |
| 4 | 01082524/08.02.2022 | 25744/05.02.2022 | 51001.00 |
| 5 | 01262718/07.03.2022 | 27008/21.02.2022 | 20811.00 |
| 6 | 01337685/16.03.2022 | 28310/11.03.2022 | 92037.00 |
| 7 | 01353167/17.03.2022 | 28569/15.03.2022 | 3433.00 |
| ആകെ | | | 314220.00 |
| പ്രൊജക്ട് നം. 100/22, മാരക രോഗികളായ പാവപ്പെട്ടവർക്ക് തുടർ ചികിത്സക്കായി മരുന്ന് ഉപകരണങ്ങൾ നൽകൽ | | | |
| 1 | 0493133/29.09.2021 | 1) 11567/23.08.2021<br>2) 13328/10.09.2021 | 92066.00 |
| 2 | 0679268/20.11.2021 | 17082/27.10.2021 | 139800.00 |
| 3 | 01082503/08.02.2022 | 1) 22683/01.01.2022<br>2) 25622/03.02.2022 | 45186.00 |
| 4 | 01210045/07.03.2022 | 1) 22680/01.01.2022<br>2) 27575/02.03.2022 | 137600.00 |
| ആകെ | | | 414652.00 |
| പ്രൊജക്ട് നം. 130/22, കോവിഡ് 19 – മരുന്നുകളും ഉപകരണങ്ങളും വാങ്ങലും അനുബന്ധ പ്രവർത്തനങ്ങളും | | | |
| 1 | 01210003/10.06.2021 | 1) 4947/29.05.2021<br>2) 4946/29.05.2021 | 157500.00 |
| 2 | 01210004/25.06.2021 | 1) 4940/29.05.2021<br>2) 5118/06.06.2021<br>3) 5973/07.06.2021 | 239895.00 |
| 3 | 01210009/09.08.2021 | 1) 6506/10.06.2021<br>2) 202122639/07.06.2021<br>3) 4897/27.05.2021 | 181602.00 |
| 4 | 01210015/23.09.2021 | 1) 12446/01.09.2021<br>2) 12942/08.09.2021<br>3) 11228/17.08.2021 | 40600.00 |
| 5 | 01210031/27.12.2021 | 13864/18.09.2021 | 6600.00 |
| 6 | 01210050/09.03.2021 | 25810/05.02.2022 | 23250.00 |
| 7 | 01210058/24.03.2022 | 28916/19.03.2022 | 3500.00 |
| 8 | 01210059/30.03.2022 | 14526/28.09.2021 | 15000.00 |

| | |
|---|---|
| ആകെ | 667947.00 |
| ഒട്ടാകെ | 2003279.00 |

മേൽ പ്രൊജക്ടുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/30.08.2022) ലഭ്യമാക്കിയ മറുപടി പരിഗണിച്ച് തയ്യാറാക്കിയിട്ടുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ) കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(7), 24(6), 25 എന്നിവയും 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.ഡി.എ1/87/2019/തസ്വ.ഭ.വ തീ 08.03.2019 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന ടി ഡി എസ്, സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന്, സർക്കുലർ നം. ഡി.എ1/87/2019/തസ്വഭവ തീയതി 08.09.2020 ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി ഡി ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ടി ഡി എസ് കിഴിവ് വരുത്തേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ ബില്ലുകൾ പ്രകാരം ജൻ ഔഷധി മെഡിക്കൽ സ്റ്റോറിന് (GSTIN – 32DXOPS7138P2ZH) തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ടുന്ന 2% നിരക്കിലുള്ള ടി ഡി എസ് ഈടാക്കിയിട്ടില്ല. കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റേയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും CGST,SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. ജി.എസ്.ടി ടി.ഡി.എസ് നടത്തുവാൻ വീഴ്ച വരുത്തിയാൽ പിഴ ഒടുക്കുവാൻ ഉദ്യോഗസ്ഥൻ ബാധ്യസ്ഥനായതിനാൽ ഇക്കാര്യത്തിൽ വീഴ്ച ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതും സപ്ലെയർ ജി.എസ്.ടി തുക അടവാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

ബി) 14.02.2018 ലെ സ.ഉ(കൈ)നം. 22/2018/തസ്വഭവ പ്രകാരമുള്ള സബ്സിഡി-ധനസഹായ അനുബന്ധ വിഷങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 7.5.4 അടിയന്തിര ഘട്ടങ്ങളിലെ മരുന്നുവാങ്ങൽ പ്രകാരം മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ ഇൻഡന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും ലഭ്യമല്ലാതിരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം തദ്ദേശഭരണ സ്ഥാപനത്തിന് കാരുണ്യ/നീതി/ജൻ ഔഷധി മെഡിക്കൽ സ്റ്റോറിൽ നിന്നും അടിയന്തിര സാഹചര്യം മറികടക്കുന്നതിന് വേണ്ടി മാത്രം മരുന്ന് വാങ്ങാവുന്നതാണ്. എന്നാൽ മേൽ പദ്ധതികൾ പ്രകാരം ജൻ ഔഷധിയിൽ നിന്നും മരുന്ന് വാങ്ങുന്നതിന് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ ഇൻഡന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും മരുന്ന് ലഭിച്ചിട്ടില്ലെന്നതിനുള്ള രേഖകൾ, ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ ശുപാർശ ലഭിച്ചതിന്റെ രേഖകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് ഫയലിൽ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 ബയോ കംമ്പോസ്റ്റ് ബിൻ പദ്ധതി സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല

| പ്രൊജക്റ്റ് നമ്പർ | പദ്ധതിയുടെ പേര് | അടങ്കൽ-907200 |
|---|---|---|
| 142/22<br>ഫണ്ടിനം- സി എഫ് സി ഗ്രാന്റ്<br>നിർവ്വഹണം – വി ഇ ഒ | ബയോ കംമ്പോസ്റ്റ് ബിൻ സബ്സിഡി | ചെലവ്-351540 |

വാണിയംകുളം പഞ്ചായത്തിൽ ഉറവിടമാലിന്യസംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വി.ഇ.ഓ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുന്ന മേൽ പദ്ധതിലൂടെ തിരെഞ്ഞെടുത്ത

ഗുണഭോക്താക്കൾക്ക് ഐ ആർ ടി സി മുഖേന ബയോ കംമ്പോസ്റ്റ് ബിൻ ലഭ്യമാക്കി വിതരണം നടത്തുക അതിലൂടെ വീടുകളിൽ നിന്നുതന്നെ മാലിന്യമുക്തമാക്കുക എന്നതാണ് ലക്ഷ്യം. പദ്ധതി നടപ്പാക്കുന്നതിനുള്ള വേണ്ട സാങ്കേതികാനുമതി ശുചിത്വ മിഷൻ നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി ഐ ആർ ടി സി യുമായി 22-01-2022 ന് കരാർ ചമച്ചിട്ടുണ്ട്. കരാർ വ്യവസ്ഥ ക്രമ നം-5 പ്രകാരം സ്ഥാപനം ഒന്നാം ഗഡു അഡ്വാൻസ് കൈപ്പറ്റി 30 ദിവസത്തിനകം മുഴുവൻ ബയോ ബിന്നുകളും സപ്ലൈ ചെയ്യുന്നതാണ് എന്നാണ്. എന്നാൽ 30-08-2022 ന് മാത്രമാണ് നാണ് 250 ബിന്നുകൾ ഇറക്കിയിട്ടുള്ളത്.

2) വൗച്ചർ നമ്പർ 22101207 തീയതി 31-03-2022 ന് 217 ഗുണഭോക്താക്കളുടെ സബ്സിഡി തുകയായ 351540- സ്ഥാപനത്തിന് അഡ്വാൻസ്സായി നൽകിയിട്ടുണ്ട്.(A/C N0-0812201002122 , Canara Bank)

3) ഓഡിറ്റ് വേളയിലാണ് ബിന്നുകൾ സപ്ലൈ ചെയ്തിട്ടുള്ളത്. ആയതിന്റെ ഒറിജിനൽ ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല.

4) സമയബന്ധിതമായി സ്ഥാപനം ബിന്നുകൾ ലഭ്യമാക്കാത്തതിനു നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ചുള്ള വിവരങ്ങൾ ഫയലിൽ ലഭ്യമല്ല

5) കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(7), 24(6), 25 എന്നിവയും 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. തുക അഡ്വാൻസ്സായി നൽകിയതുകൊണ്ട് ടി.ഡി.എസ് ഈടാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണം 38/01-09-2022 നുള്ള മറുപടിയിൽ ഐ ആർ ടിസിക്കു നൽകുവാനുള്ള ബാക്കി തുകയിൽ നിന്നും നിയമാനുസത ജി.എസ്.ടി ടി.ഡി.എസ് ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ബിന്നുകൾ വിതരണം ചെയ്തതിന്റെയും ഒറിജിനൽ ഇൻവോയ്സും പരിശോധനക്കായി ഹാജരാക്കുന്നതായും അറിയിച്ചിട്ടുണ്ട്.

നിർദ്ദേശം – ബിന്നുകൾ വിതരണം ചെയ്തതിന്റെയും ഒറിജിനൽ ഇൻവോയ്സും ഗുണഭോക്തൃ ലിസ്റ്റ് സഹിതം പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

1-25 വൃദ്ധർക്ക് കട്ടിൽ പദ്ധതി - ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കാതെ തുക അനുവദിച്ചു

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ വൃദ്ധർക്ക് കട്ടിൽ എന്ന പദ്ധതി പ്രകാരം ആർട്കോ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് തുകകൾ കൈമാറിയിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല. തുക നൽകിയതിന്റെ വിശദാംശങ്ങൾ ഉപ ഖണ്ഡികളായി ചേർക്കുന്നു.

1-25-1 അസി. സെക്രട്ടറി നടപ്പിലാക്കിയ വൃദ്ധർക്ക് കട്ടിൽ - ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കാതെ തുക അനുവദിച്ചു

| | |
|---|---|
| പ്രൊജക്ട് നം., പേര് | 91/22, വൃദ്ധർക്ക് കട്ടിൽ |
| നിർവ്വഹണം | അസി. സെക്രട്ടറി |
| അടങ്കൽ | 300000- (എസ് സി) |
| ചെലവ് | 300000- |
| ബിൽ നം./തീയതി, തുക | 01/5, തീയ്യതി-08-08-2021 |

| ക്രമ നം. | ക്രഡിറ്റ് ബിൽ നം./തീയതി | തുക |
|---|---|---|
| 1 | 37/26-08-2021 | 300000 |

അക്കൗണ്ട് നം. - 37084134400 (എസ് ബി ഐ)

GST IN - 32AAAAA2064P1ZW

കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(7), 24(6), 25 എന്നിവയും 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.ഡി.എ1/87/2019/തസ്വ.ഭ.വ തീ 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന ടി,ഡി,എസ്, സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു.

മേൽ പറഞ്ഞ ബിൽ പ്രകാരം സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല. ഇത് സംബന്ധച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (4/25-08-2022) ക്കുള്ള മറുപടിയിൽ തുടർ വർഷങ്ങളിൽ നിയമാനുസൃത നികുതികൾ ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

## 1-25-2 ഐ സി ഡി എസ് സൂപ്പർവൈസർ-വൃദ്ധർക്ക് കട്ടിൽ - ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കാതെ തുക അനുവദിച്ചു

| | |
|---|---|
| പ്രൊജക്ട് നം., പേര് | 16/22, വൃദ്ധർക്ക് കട്ടിൽ |
| നിർവ്വഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |
| അടങ്കൽ | 726450 |
| ചെലവ് | 726283 |
| ബിൽ നം./തീയതി, തുക | 4/22, 27-10-21 |

വൃദ്ധർക്ക് കട്ടിൽ എന്ന പദ്ധതി നടപ്പാക്കുന്നതിനു വേണ്ടി726283 രൂപയ്ക്ക് ആർട്കോ ലിമിറ്റഡ് നിന്നും കട്ടിൽ വാങ്ങിയിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല. തുക നൽകിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ക്രഡിറ്റ് ബിൽ നം./തീയതി | തുക |
|---|---|---|
| 1 | 38/26-08-21 | 726283 |

അക്കൗണ്ട് നം. - 37084134400 (എസ് ബി ഐ)

GST IN - 32AAAAA2064P1ZW .മേൽ പറഞ്ഞ ബിൽ പ്രകാരം സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം (6/26-08-2022) തുടർ വർഷങ്ങളിൽ നിയമാനുസൃത ജി.എസ്.ടി ടി.ഡി.എസ് ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

## 1-26 പ്ലാസ്റ്റിക്ക് നിർമ്മാർജ്ജന സംവിധാനം-അവലോകനം

സർക്കാർ ഉത്തരവ് സാധാ നം.2420/2017 ത.സ്വ.ഭ.വ. തിയ്യതി 15/07/2017 പ്രകാരമാണ് ഓരോ തദ്ദേശ സ്വയംഭരണ പ്രദേശത്തും ഹരിതകർമ്മസേന രൂപീകരിക്കേണ്ടത്. തദ്ദേശ സ്വയംഭരണ സ്ഥാപനം സ്ഥിതിചെയ്യുന്ന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തേണ്ട സംഘടനാ സംവിധാനമാണ് ഹരിതകർമ്മസേന. ഓരോ തദ്ദേശ സ്വയംഭരണ കേന്ദ്രത്തിലെയും ഹരിത കേരളാ മിഷനും ഉപമിഷൻ കർമ്മസമിതിയും എല്ലാ വാർഡുമെമ്പർമാരും യോഗം ചേർന്ന് ഹരിതകർമ്മസേന രൂപീകരിക്കേണ്ടതും തുടർന്ന് ജനങ്ങളുടെ സമ്പൂർണ്ണ സഹകരണം ഉറപ്പു വരുത്തുന്നതിനായി ഓരോ വീട്ടിലും മാലിന്യ സംസ്കരണ പ്രവർത്തനത്തിന്റെ സന്ദേശവും മാലിന്യ സർവ്വേയുടെ വിശദാംശങ്ങളും എത്തിക്കേണ്ടതും കാര്യക്ഷമമായ മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നതിന് മാലിന്യ സർവ്വെ നടത്തേണ്ടതുമാണ്. ഇതിനാവശ്യമായ പരിശീലനം

ഹരിതകർമ്മസേനയ്ക്ക് ഹരിതസഹായ സ്ഥാപനം നൽകേണ്ടതും ഈ സർവ്വേയിലൂടെ ലഭിച്ച വിവരങ്ങൾ ഹരിത സഹായ സ്ഥാപനത്തിന്റെ വിദഗ്ധർ ക്രോഡീകരിച്ച് ശില്പശാലയിൽ അവതരിപ്പിക്കേണ്ടതുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണസമിതിയുടെ അംഗീകാരം ലഭിച്ചശേഷം മാലിന്യ സംസ്കരണ പരിപാടി ആരംഭിക്കാവുന്നതാണ്.

1) ഹരിത കർമ്മസേന രൂപീകരണം

മേൽ ഉത്തരവ് പ്രകാരം വാണിയംകുളം പഞ്ചായത്തിൽ ഒക്ടോബർ/20 ൽ ഹരിത കർമ്മസേന രൂപീകരിച്ചിട്ടുണ്ട്. 09-09-20 ലെ ഭരണ സമിതി തീരുമാനം (1/7) പ്രകാരമാണ് ഹരിത കർമ്മസേന തുടങ്ങുവാൻ തീരുമാനിച്ചിട്ടുള്ളത് . മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററിലേക്ക് പ്ലാസ്റ്റിക്ക് മാലിന്യം ശേഖരിക്കുന്നതിനായി ഓരോ വീടുകളിൽ നിന്നും പ്രതിമാസം 50/- രൂപ നിരക്കിലും, വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും 100/- രൂപ നിരക്കിലും നിശ്ചിത മാതൃകയിലുള്ള രസീതി മുഖേന ഫീസ് 11/20മുതൽ ഈടാക്കിവരുന്നുണ്ട്. ഹരിത കർമ്മ സേനയുടെ പ്രസിഡണ്ടിന്റെയും സെക്രട്ടറിയുടെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിൽ എസ് ബി ഐ, വാണിയംകുളം) ഒടുക്ക് വരുത്തുന്നുണ്ട്.

ആദ്യ ഘട്ടത്തിൽ 26 അംഗങ്ങൾ ഹരിത കർമ്മസേനയിൽ പ്രവർത്തിച്ചിരുന്നു. നിലവിൽ 25 അംഗങ്ങളാണ് ഹരിത കർമ്മ സേനയിൽ പ്രവർത്തിക്കുന്നത്. ഓഡിറ്റ് വർഷം ഹരിത കർമ്മ സേനക്ക് വേണ്ടനിർദ്ദേശങ്ങൾ ഐ ആർ ടി സി മുഖേനയാണ് നടത്തിയിട്ടുള്ളത്. ജൈവമാലിന്യങ്ങൾ ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കുവാനും അജൈവമാലിന്യങ്ങൾ വേർതിരിക്കുവാനും അവ സംസ്കരിക്കുവാനും സേനാംഗങ്ങൾക്ക് ക്ലാസ്സുകൾ ഐ ആർ സി ടി സി ,മുണ്ടൂർ കോടിനേറ്റർ മുഖേന നൽകിയിട്ടുണ്ട്. ഹരിത കർമ്മ സേനയുടെ നേതൃത്വത്തിൽ എല്ലാ വീടുകളിലും കടകളിലും നിന്നും പ്ലാസ്റ്റിക് മാലിന്യ ശേഖരണം നടത്തി വരുന്നുണ്ട്. അജൈവമാലിന്യങ്ങളുടെ സംഭരണത്തിനായുള്ള എം.സി.എഫ് കേന്ദ്രം പഞ്ചായത്ത് കോമ്പൗണ്ടിൽ പ്രവർത്തിച്ചു കൊണ്ടുവരുന്നുണ്ട്. പ്ലാസ്റ്റിക് മാലിന്യങ്ങൾ കൊണ്ടുപോകുന്നതിന് ക്ലീൻ കേരള മിഷനുമായി എഗ്രിമന്റ് വെച്ചിട്ടുണ്ട്. ഹരിത കർമ്മ സേനയുടെ പ്രസിഡണ്ടിന്റെയും സെക്രട്ടറിയുടെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിൽ 176961-(24-08-2022) രൂപ നീക്കിയിരിപ്പുണ്ട്.

2)ഹരിതകർമ്മസേനയുടെ പ്രവർത്തനം

ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾക്കായി ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം തുകകൾ ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്ട് നം. | പേര് | ചെലവഴിച്ച തുക (₹) |
|---|---|---|
| 143 | ഹരിതകർമ്മ സഹായ സംഘത്തിന് കൺസൾട്ടൻസി ഫീസ് | 257604- |
| 141/22 | വി ജി എഫ് ഫണ്ട് | 127025- |

മുൻവർഷത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

| പ്രൊജക്ട് നം. | പേര് | ചെലവഴിച്ച തുക (₹) |
|---|---|---|
| 389/21 | വി ജി എഫ് ഫണ്ട് | 182812- |
| 274/21 | വി ജി എഫ് ഫണ്ട് | 37172 |

3)എം സി എഫ് കേന്ദ്രം

ഗ്രാമപഞ്ചായത്തിൽ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്ററിനു വേണ്ടി 2സ്ഥിരമായ എം സി എഫ് കെട്ടിടവും 24 മിനി എം സി എഫു പ്രവർത്തിക്കുന്നുണ്ട്. രണ്ട് സ്ഥിരമായിട്ടുള്ള എം സി എഫ് കെട്ടിടത്തിൽ ഒരെണ്ണം ഉദ്ഘാടനം നടത്തിയിട്ടില്ല

4)നിയമാവലി വിജ്ഞാപനം ചെയ്യൽ

ജി.ഒ(ആർ.ടി)നം.18/20201/തസ്വഭവ തിയതി 04-01-2021 പ്രകാരം തദ്ദേശ സ്ഥാപന തലത്തിൽ

വിജ്ഞാപനം ചെയ്യുന്നതിനുള്ള പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബൈലോക്ക് അംഗീകാരം 26-06-2022 ന് ഉത്തരവ് നം-PAN/8762/2022-C3DP പ്രകാരം ലഭിച്ചിട്ടുണ്ട്.

5) പ്ലാസ്റ്റിക് ഷ്രെഡ് ചെയ്ത് വിൽപന നടത്തുന്നതിന് ഷ്രെഡിംഗ് മെഷീൻ നിലവിലില്ല

ഓഡിറ്റ് നിർദ്ദേശങ്ങൾ

- മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ ഫലപ്രദമായി നിർവ്വഹിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
- സർക്കാർ നിശ്ചയിച്ച യൂസർ ഫീസ് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
- മാലിന്യ ശേഖരണം ശാസ്ത്രീയമായും കാര്യക്ഷമമായും നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.
- ശേഖരിക്കുന്ന പ്ലാസ്റ്റിക് ഷ്രെഡ് ചെയ്ത് വിൽപന നടത്തുന്നതിന് ഷ്രെഡിംഗ് മെഷീൻ സ്ഥാപിക്കാവുന്നതാണ്
- ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം ഉറപ്പാക്കുവാൻ വിവിധ ഏജൻസികളുടെ സേവനം ഫലപ്രദമായി പ്രയോജനപ്പെടുത്തേണ്ടതാണ്.
- സേനയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിന് നിർവ്വഹണ ഉദ്യോഗസ്ഥനും സമിതിയുടെയും പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് മേൽ വിഷയത്തിൽ കൈക്കൊള്ളുന്ന തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-27 ക്ലബുകൾ-വായനശാലകൾക്ക് പത്രം-പ്രൊജക്ട് നിർവ്വഹണം ക്രമപ്രകാരമല്ല

പ്രൊജക്ട് നം.63/22-സ്കൂൾ വായനശാല പത്രമാസികകൾ ക്ലബുകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മിസ്ട്രസ്സ്

അടങ്കൽ -രൂ.2 ലക്ഷം (തനത് ഫണ്ട് )

ചെലവ് -രു.57200.00(ചെക്ക് നം 41920തീ.27.3.22)

ഈ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

എ) താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് പത്രം ലഭിച്ചുവരുന്നുണ്ടെന്ന സാക്ഷ്യപത്രം/കൈപ്പറ്റ് രശീത് പരിശോധനക്ക് ലഭ്യമാക്കിയില്ല.

1)രാഗം ആർട്സ് & സ്പോർട്സ് ക്ലബ്.

2)യുവസംഗമം വൈ എഫ് ക്ലബ്.

3)ന്യൂ സെവൻസ് ന്യൂ ബോയ്സ് ക്ലബ്

4)നവചേതന ആർട്സ് & സ്പോർട്സ് ക്ലബ്.

5)ചെന്താമര ആർട്സ് & സ്പോർട്സ് ക്ലബ്.

6)സ്പാർക്ക് ക്ലബ്.

7)നവോദയ ക്ലബ്.

8)എവർഷൈൻ ആർട്സ് & സ്പോർട്സ് ക്ലബ്.

9)തനിമ ആർട്സ് & സ്പോർട്സ് ക്ലബ്.

10)വിസ്മയ ക്ലബ്.

11) നാഷണൽ ക്ലബ്.

12)ഫ്രണ്ട്സ് ക്ലബ്.

13)ഭാവന കലാ സാംസ്കാരിക വേദി.

14)സർഗ്ഗം ഗ്രാമീണ വായനശാല.

15)മഹാത്മ വായനശാല.

16)കോതയൂർ വായനശാല.

17)പനയൂർ വായനശാല.

18)ഉദയ ഗ്രാമീണ വായനശാല.

ബി)സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗ രേഖയിൽ പ്രതിപാദിക്കാത്ത പ്രൊജക്ട് വിഭാവനം ചെയ്ത് നടപ്പിലാക്കിയത് സംബന്ധിച്ചും , ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംബന്ധിച്ചും , വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നം 22/30.08.22 പ്രകാരം ആവശ്യപ്പെട്ടിരുന്നതിന് തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

സി)ഈ പ്രൊജക്ട് പ്രകാരം പത്രങ്ങൾ അനുവദിച്ച സ്ഥാപനങ്ങൾ കേരള സംസ്ഥാന ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തവയാണെന്ന് തെളിയിക്കുന്ന രേഖകളുടെ പകർപ്പ് പരിശോധനക്ക് ലഭ്യമാക്കിയില്ല.

ഇത് സംബന്ധിച്ച് താഴെ പറയുന്ന തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1)മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾക്ക് പത്രം ലഭിച്ചുവരുന്നുണ്ടെന്ന സാക്ഷ്യപത്രം/കൈപ്പറ്റ് രശീത്, സ്ഥാപനങ്ങൾ കേരള സംസ്ഥാന ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തവയാണെന്ന് തെളിയിക്കുന്ന രേഖകളുടെ പകർപ്പ് എന്നിവ ലഭ്യമാക്കി പകർപ്പ് ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

2)സബ്സിഡി മാർഗ്ഗ രേഖയിൽ പ്രതിപാദിക്കാത്ത പ്രൊജക്ടുകൾ വിഭാവനം ചെയ്ത് നടപ്പിലാക്കുന്നത് ഒഴിവാക്കേണ്ടതാണ്.

3) പ്രൊജക്ടുകൾക്കുള്ള ഗുണഭോക്തൃ തെരഞ്ഞെടുപ്പുകളിൽ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ, സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ എന്നിവ നിർബന്ധമായും പാലിക്കേണ്ടതാണ്.

1-28 പദ്ധതി - സബ്സിഡി മാർഗ്ഗരേഖകളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രൊജക്ട് നടപ്പിലാക്കി-4,91,824/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രൊജക്ട് നം.84/22
-പി എസ് സി കോച്ചിങ്ങ് എൻട്രൻസ് പരീക്ഷ പഠന ഉപകരണങ്ങൾ വിതരണം ചെയ്യൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മിസ്ട്രസ്സ്

അടങ്കൽ -രൂ. 5 ലക്ഷം (വികസന ഫണ്ട് - എസ് സി പി)

ചെലവ് -രൂ.491824.00(ബിൽ നം.3തീ.25.3.22)

ഈ പ്രൊജക്ട് പ്രകാരം ആർട്ട്ക്കോയിൽ നിന്നും വാങ്ങലുകൾ നടത്തി ഇനങ്ങൾ താഴെ പറയുന്ന സ്ഥാപനങ്ങളിലേക്ക് നൽകിയിട്ടുണ്ട്.

| ക്രമ നം. | കൈപ്പറ്റിയ സ്ഥാപനത്തിന്റെ പേര് | അലമാര | മേശ | കസേര | ബഞ്ച് | ഡസ്ക് |
|---|---|---|---|---|---|---|
| 1 | ജ്യോതിഷരത്നം കെ എം അച്യുതനെ ഴുത്തശ്ശൻ സ്മാരക വായന ശാല | 1 | 1 | 1 | 9 | 9 |
| 2 | ഉദയ ഗ്രാമീണ വായനശാല | 1 | 1 | 1 | 9 | 9 |

| | | | | | | |
|---|---|---|---|---|---|---|
| 3 | പൊതുജന വായനശാല,പനയൂർ | 1 | 1 | 1 | 9 | 9 |
| 4 | ജനകീയ വായനശാല | 1 | 1 | 1 | 9 | 9 |
| | ആകെ | 4 | 4 | 4 | 36 | 36 |

ഈ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

1)കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(7), 24(6), 25 എന്നിവയും 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ജി എസ് ടി-ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2% ടി.ഡി. എസ് ഈടാക്കാതെ തുക പൂർണ്ണമായും ARTCO ക്ക് അനുവദിച്ചിട്ടുണ്ട്.

2)G.O.(Rt)No.7/2022/SPD Dated 02-02-2022 ഉത്തരവിന്റെ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇനങ്ങൾക്കും നിരക്കുകൾക്കും അനുസൃതമായി മാത്രമേ ടെണ്ടർ/ ക്വട്ടേഷൻ നടപടികൾ കൂടാതെ ഉൽപന്നങ്ങൾ വാങ്ങുവാൻ കഴിയൂ. എന്നാൽ പ്രൊജക്ട് പ്രകാരം വാങ്ങിയ ഇനങ്ങൾ G.O.(Rt)No.7/2022 /SPD/02.2.22 പ്രകാരം നിർദ്ദേശിച്ചവയല്ല.

3)സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.25 പ്രകാരം പട്ടിക ജാതി/വർഗ്ഗ അഭ്യസ്ത വിദ്യരായ യുവതി-യുവാക്കൾക്ക് തൊഴിൽ നേടാനുള്ള പരിശീലന പദ്ധതികൾ ജില്ലാ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും മാത്രമേ ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുള്ളൂ. സബ്സിഡി മാർഗ്ഗരേഖക്കു വിരുദ്ധമായാണ് പ്രൊജക്ട് നടപ്പാക്കിയിട്ടുള്ളത്.

4)സർക്കാർ ഉത്തരവ് (കൈ) 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 6.1 പ്രകാരം സ് Sheduled Caste Sub Plan (SCP) ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന പ്രൊജക്ടുകൾക്ക് ബാധകമായ നിബന്ധനകൾ ഈ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ പാലിച്ചിട്ടില്ല.

5) കൈമാറിയ ആസ്തികളുടെ വിനിയോഗവും, സംരക്ഷണവും സംബന്ധിച്ച് മേൽ സ്ഥാപനങ്ങളുമായി മതിയായ വ്യവസ്ഥകൾ ഉൾപ്പെടുത്തി ചമച്ച കരാർ ചമച്ചിട്ടില്ല.

ഇത് സംബന്ധിച്ച് താഴെ പറയുന്ന തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

എ) 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകൾക്ക് ജി എസ് ടി-ടി.ഡി.എസ് കുറവ് ചെയ്യേണ്ടതാണ്.

ബി)ടെണ്ടർ/ ക്വട്ടേഷൻ നടപടികൾ കൂടാതെ ഉൽപന്നങ്ങൾ വാങ്ങുമ്പോൾ ബാധകമായ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കേണ്ടതാണ്.

സി)പദ്ധതി-സബ്സിഡി മാർഗ്ഗരേഖകൾ പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദനീയമായ പ്രൊജക്ടുകൾ മാത്രം ഏറ്റെടുക്കേണ്ടതാണ്.

ഡി) Sheduled Caste Sub Plan (SCP) ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന പ്രൊജക്ടുകൾക്ക് ബാധകമായ നിബന്ധനകൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

ഇ) പ്രൊജക്ട് പ്രകാരം വാങ്ങി വിവിധ സ്ഥാപനങ്ങൾക്ക് കൈമാറിയ ഉപകരണങ്ങളുടെ വിനിയോഗവും, സംരക്ഷണവും സംബന്ധിച്ച് മതിയായ വ്യവസ്ഥകളോടെ കരാർ ചമക്കേണ്ടതും, പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവ് ചെയ്ത 4,91,824/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-29 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-നടപടിക്രമങ്ങൾ പാലിക്കാതെ സബ്സിഡി

അനുവദിച്ച

പ്രൊജക്റ്റ് നമ്പർ- 89/22

നിർവഹണം- ഡയറി ഫാം ഇൻസ്ട്രക്ടർ

പ്രൊജക്റ്റ് – ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകൽ

അടങ്കൽ :രൂ.900000.00 (വികസന ഫണ്ട് - രൂ.500000.00 + ബ്ലോക്ക് പഞ്ചായത്ത് വിഹിതം -രൂ.200000.00 + ജില്ല്ലാ പഞ്ചായത്ത് വിഹിതം-രൂ.200000.00)

ചെലവ്- രൂ.783000.00

| ക്രമ നം. | ബിൽ നം. & തീയതി | ഇനം | തുക |
|---|---|---|---|
| 1 | 1/28.2.22 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 500000.00 |
| 2 | 2/5.3.22 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 133000.00 |
| 3 | 4/5.3.22 | ജില്ല്ലാ പഞ്ചായത്ത് വിഹിതം | 100000.00 |
| 4 | 4/19.3.22 | ജില്ല്ലാ പഞ്ചായത്ത് വിഹിതം | 50000.00 |
| | | ആകെ | 783000.00 |

ഈ പ്രൊജക്റ്റിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

1. സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 മാർഗരേഖയിലെ ഖണ്ഡിക 2.12.2 പ്രകാരം ക്ഷീര വികസന മേഖലയിൽ ആനുകൂല്യത്തിന് ഗുണഭോക്താവിന്റെ കുടുംബ വാർഷിക വരുമാനം 5 ലക്ഷം രൂപയിൽ അധികരിക്കരുത്. മേൽ പ്രൊജക്റ്റുകളിലെ എല്ലാ ഗുണഭോക്താക്കളുടെയും കുടുംബ വാർഷിക വരുമാനം 5 ലക്ഷം രൂപയിൽ താഴെയാണെന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.
2. മിൽക്ക് ഇൻസന്റീവ് ആനുകൂല്യം അനുവദിച്ച താഴെ പറയുന്ന ഗുണഭോക്താക്കളുടെ കുടുംബ വാർഷിക വരുമാനം തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നം.24/30.08.22 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും രേഖകൾ/മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ബാങ്ക് അക്കൗണ്ട് നമ്പർ | ബിൽ നം 1/28.2.22 പ്രകാരം നൽകിയ തുക |
|---|---|---|---|
| 1 | പ്രഭാകരൻ | 20330100007076 | 4533.00 |
| 2 | പ്രീത എസ് | 00804000003911 | 18398.00 |
| 3 | കൃഷ്ണ ദാസ് കെ | 302036390 | 4579.00 |
| 4 | ജയസുധ കെ | 804000004239 | 9972.00 |
| 5 | രാജഗോപാലൻ | 604000001055 | 5119.00 |
| 6 | ഷീബ | 20147829044 | 4128.00 |
| 7 | സാബു | 4325000100171554 | 13886.00 |
| 8 | സുമിത്ര | 33531780843 | 7080.00 |
| 9 | വനജ | 37049048171 | 5994.00 |
| 10 | സവിജ പി | 580002010008671 | 5386.00 |
| 11 | മണികണ്ഠൻ | 0804000004830 | 4482.00 |
| 12 | കൃഷ്ണൻ കുടത്തിൽ | 0804000004982 | 8162.00 |

3) 2021-22വർഷത്തിലെ 4/21 മുതൽ 9/21 വരെയുള്ള കാലയളവിൽ ക്ഷീര സംഘങ്ങളിൽ പാൽ നൽകിയ കർഷകർക്ക് മാത്രമാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. 10/21 മുതൽ 3/22വരെയുള്ള മാസങ്ങളിൽ ക്ഷീര സംഘങ്ങളിൽ പാലളന്ന ക്ഷീരകർഷകർക്ക് സബ്സിഡി നൽകിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ഓഡിറ്റ് അന്വേഷണം നം.24/30.08.22 പ്രകാരം ആവശ്യപ്പെട്ടിരുന്ന 11 ക്ഷീര കർഷകരുടെ വരുമാനം

തെളിയിക്കുന്ന രേഖകളുടെ പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2. ക്ഷീര സംഘങ്ങളിൽ പരിപാലിക്കുന്ന പാൽ ശേഖരണ രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകളുമായി ഒത്തുനോക്കി സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്കു വിധേയമായി അർഹമായ തുക മാത്രം സബ്സിഡിയായി അനുവദിക്കേണ്ടതാണ്. സർക്കാർ തുക സ്വന്തം പണം ചെലവഴിക്കുന്ന സൂക്ഷ്മതയോടെ ചെലവഴിക്കണമെന്ന, കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 40 (ബി)യിൽ പ്രതിപാദിക്കുന്ന, ഫിനാൻഷ്യൽ പ്രൊപ്രൈറ്റി പ്രൊജക്ടുകളുടെ നിർവ്വഹണത്തിലും, സബ്സിഡി അനുവദിക്കുന്നതിലും പാലിക്കേണ്ടതാണ്.

3. ഗ്രാമപഞ്ചായത്ത് പരിധിയിലെ അർഹരായ എല്ലാ ക്ഷീര കർഷകർക്കും സബ്സിഡി അനുവദിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

4. സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 മാർഗരേഖയിലെ ഖണ്ഡിക2.12.2 പ്രകാരം ക്ഷീര വികസന മേഖലയിൽ ആനുകൂല്യത്തിന് ഗുണഭോക്താവിന്റെ കുടുംബ വാർഷിക വരുമാനം 5 ലക്ഷം രൂപയിൽ അധികരിക്കരുതെന്ന വ്യവസ്ഥ നിർബന്ധമായും പാലിക്കേണ്ടതാണ്.

## 1-30 ലെഗസി വേസ്റ്റ് ഡിസ്പോസൽ-പ്രൊജക്ട് നിർവ്വഹണത്തിൽ സൂക്ഷ്മത പാലിച്ചില്ല

പ്രൊജക്ട് നമ്പർ- 251/22

നിർവഹണം- സെക്രട്ടറി

പ്രൊജക്ട് – മാലിന്യ പരിപാലനം- ലെഗസി വേസ്റ്റ് ഡിസ്പോസൽ

അടങ്കൽ :രൂ.11 ലക്ഷം (തനത് ഫണ്ട് )

ചെലവ്- രൂ.887130.00

| ക്രമ നം. | വൗച്ചർ നം | ചെക്ക് നം &തീ | കൈപ്പറ്റിയ ആൾ | തുക |
|---|---|---|---|---|
| 1 | 22100819 | 26983/16.12.21 | ഒറിയോ ഇൻഡസ്ട്രീസ് | 292930.00 |
| 2 | 22100842 | 1896756/23.12.21 | ഒറിയോ ഇൻഡസ്ട്രീസ് | 300465.00 |
| 3 | 22100845 | 26991/31.12.21 | ഒറിയോ ഇൻഡസ്ട്രീസ്-192952.00+<br>ഐടി-16048.00 | 209000.00 |
| 3 | 22100984 | 41795/4.2.22 | ആദർശ് കെ ആർ-ടിപ്പർ വാടക | 84735.00 |
| ആകെ | | | | 887130.00 |

ഈ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന ന്യൂനതകൾ ഉണ്ടായിട്ടുണ്ട്.

1. സ.ഉ(പി)നം.259/2010/തസ്വഭവ തിയതി 8-11-2010 പ്രകാരം പുറപ്പെടുവിച്ച പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ ,സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക2.7 എന്നിവ പ്രകാരം ഒരു ലക്ഷം രൂപയിൽ കൂടുതലുള്ള എല്ലാ വാങ്ങൽ / സേവനങ്ങൾ സമാഹരിക്കുന്നതിന് ഓപ്പൺ ടെണ്ടർ നടപടി ക്രമങ്ങളിലൂടെ 21 ദിവസത്തെ ദർഘാസ് കാലയളവോടെ വ്യാപക പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും, ഒരു മലയാളം ദിനപത്രത്തിലും പരസ്യം നൽകി സേവനദാതാവിനെ തെരഞ്ഞെടുക്കേണ്ടതായിരുന്നു. ക്വട്ടേഷൻ നോട്ടീസ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത് ഗ്രാമപഞ്ചായത്ത് നോട്ടീസ് ബോർഡിൽ മാത്രമാണ് , കൂടാതെ സ്ക്രാപ്പ് ഡീലർമാർക്ക് നേരിട്ടും ഫോൺ മുഖേനയും അറിയിച്ചുവെന്നാണ്. എന്നാൽ ഇത് സംബന്ധിച്ച രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. നടപടി ക്രമങ്ങൾ പാലിക്കാതെയാണ് കരാറുകാരനെ തെരഞ്ഞെടുത്തത് ക്രമ പ്രകാരമല്ല.

2. ഒറിയോ ഇൻഡസ്ട്രീസിന് നൽകിയ ഇ വേസ്റ്റ് / മറ്റ് മാലിന്യങ്ങൾക്ക് 2017 ലെ ചരക്ക് സേവന നികുതി നിയമപ്രകാരം ബാധകമായ ചരക്ക് സേവന നികുതി ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല.

3. ഈ പ്രൊജക്ടിനു വേണ്ടി പ്രസിദ്ധപ്പെടുത്തിയ ക്വട്ടേഷൻ പരസ്യം നം.2/21 തീയതി 16.11.21നെ തുടർന്ന് ലഭിച്ച ക്വട്ടേഷനുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നിരക്ക് | റിമാർക്ക്സ് |
|---|---|---|---|
| 1 | ഒറിയോ ഇൻഡസ്ട്രീസ്, | 5.50 | - |
| 2 | റോയൽ കിങ്ങ് പ്ലാസ്റ്റിക്സ്, കൊഴിഞ്ഞാമ്പാറ | 7.60 | ഒറിയോ ഇൻഡസ്ട്രീസ് സമർപ്പിച്ച ക്വട്ടേഷന്റെ തനി പകർപ്പാണ്. ക്വട്ടേഷന്റെ രണ്ടാം ഖണ്ഡികയിൽ " ഈ ക്വട്ടേഷൻ സ്വീകരിച്ച് ഒറിയോ ഇൻഡസ്ട്രീസ്, എന്ന ഞങ്ങളുടെ സ്ഥാപനത്തിലേക്ക് അജൈവ മാലിന്യങ്ങൾ എടുക്കുവാൻ എടുക്കുവാൻ അനുവദിച്ചുതരണമെന്നും അപേക്ഷിക്കുന്നു." എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |
| 3 | സോണ ട്രേഡേഴ്സ്,പൊള്ളാച്ചി | 6.85 | ഒറിയോ ഇൻഡസ്ട്രീസ് സമർപ്പിച്ച ക്വട്ടേഷന്റെ തനി പകർപ്പാണ്. ക്വട്ടേഷന്റെ രണ്ടാം ഖണ്ഡികയിൽ " ഈ ക്വട്ടേഷൻ സ്വീകരിച്ച് ഒറിയോ ഇൻഡസ്ട്രീസ്, എന്ന ഞങ്ങളുടെ സ്ഥാപനത്തിലേക്ക് അജൈവ മാലിന്യങ്ങൾ എടുക്കുവാൻ എടുക്കുവാൻ അനുവദിച്ചുതരണമെന്നും അപേക്ഷിക്കുന്നു." എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |
| 4 | ARS സൺസ്& കമ്പനി,കോയമ്പത്തൂർ | 6.85 | - |

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ കരാറുകാരനെ തെരഞ്ഞെടുത്തതിൽ സുതാര്യമായ ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

4) ഒറിയോ ഇൻഡസ്ട്രീസിനു നൽകിയ അജൈവ മാലിന്യങ്ങൾ തൂക്കിയിട്ടുള്ളത് ശ്രീലക്ഷ്മി വെയ് ബ്രിഡ്ജ്, ചുള്ളിമട, കഞ്ചിക്കോട് എന്ന സ്ഥാപനത്തിലാണ്. ശ്രീലക്ഷ്മി വെയ് ബ്രിഡ്ജിൽ നിന്നും ലഭിച്ച ബില്ലിലെ തൂക്കത്തിനനുസരിച്ചാണ് ഗ്രാമ പഞ്ചായത്ത് തുക നൽകിയിരിക്കുന്നത്. അജൈവ മാലിന്യങ്ങൾ തൂക്കുന്ന വേളയിൽ ഗ്രാമ പഞ്ചായത്ത് ഉദ്യോഗസ്ഥർ സന്നിദ്ധരായി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണംനം. 30/31.8.22 ലഭ്യമാക്കിയ മറുപടിയിൽ ഹരിത സഹായ സ്ഥാപനത്തിന്റെ പ്രതിനിധി മേൽനോട്ടം വഹിച്ചുവെന്ന് അറിയിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്ത് ഔദ്യോഗിക നടപടി ക്രമങ്ങളിലൂടെ തൂക്കമളക്കുന്ന വേളയിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ മേൽനോട്ടം വഹിക്കാതെ ഒറിയോ ഇൻഡസ്ട്രീസ് അവകാശപ്പെട്ട തൂക്കത്തിന് പണം അനുവദിച്ചത് ക്രമ പ്രകാരമല്ല.

5)13-ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം വേസ്റ്റ് മാനേജ്മെന്റ് പ്രൊജക്ടുകളിൽ നിർമ്മാണ പ്രൊജക്ടുകൾ അസിസ്റ്റന്റ് എഞ്ചിയർ നിർവ്വഹണോദ്യഗസ്ഥനായും,മറ്റ് മാലിന്യ നിർമാർജ്ജന പ്രൊജക്ടുകൾ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യഗസ്ഥനായും നടപ്പിലാക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഈ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ ഈ നിർദ്ദേശം പാലിച്ചിട്ടില്ല.

സർക്കാർ തുക സ്വന്തം പണം ചെലവഴിക്കുന്ന സൂക്ഷ്മതയോടെ ചെലവഴിക്കണമെന്ന, കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 40 (ബി)യിൽ പ്രതിപാദിക്കുന്ന, ഫിനാൻഷ്യൽ പ്രൊപ്രൈറ്റി പ്രൊജക്ടുകളുടെ നിർവ്വഹണത്തിൽ നിർബന്ധമായും പാലിക്കേണ്ടതാണ്.

1-31 ചോറോട്ടൂർ മുണ്ടനാട്ടുപടി കോളനി കുടിവെള്ള പദ്ധതി- ISI ഗുണനിലവാരമില്ലാത്ത ടാങ്ക് സ്ഥാപിച്ചു.

ചോറോട്ടൂർ മുണ്ടനാട്ടുപടി കോളനി കുടിവെള്ള പദ്ധതിക്കായി ഉറസായ കിണറിൽനിന്നും 3 HP മോട്ടോർ ഉപയോഗിച്ച് 5000 ലിറ്ററിന്റെ ടാങ്കിൽ വെള്ളം സംഭരിച്ച് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. പ്രോജക്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | 158/22 ചോറോട്ടൂർ മുണ്ടനാട്ടുപടി കോളനി കുടിവെള്ള പദ്ധതി (സ്പിൽ ഓവർ) |
| അടങ്കൽ | 400000 വികസന ഫണ്ട് എസ്.സി.പി |
| നിർവ്വഹണം | അസി.എഞ്ചിനീയർ |
| ചെലവ് | 419/29.03.21 287934 രൂപ (പാർട്ട് ബിൽ) |
| ബിൽ നം | 54/22 തീ.30.03.22-64909 രൂപ |
| എം.ബുക്ക് | 73/20-21 |
| കരാറുകാരൻ | ഗംഗാധരൻ.കെ |
| കരാർ നം | 117/AE/LSGD/VNKM/2020-21 Dt 05.11.2020 |

